# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 15, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--244]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 2346 മുതൽ 2448 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2449 മുതൽ 2502 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2503 മുതൽ 2549 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 2550 മുതൽ 2589 വരെ |

**ഡി.ഡി.ഒ. പദവിയിലെ നിയന്ത്രണം**

2346 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ ഡി.ഡി.ഒ. പദവിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

**വാസയോഗ്യമല്ലാത്ത വീടുകൾ റിപ്പയർ ചെയ്യുന്നതിനായി ബാങ്ക് വായ്പ**

2347 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ റിപ്പയർ ചെയ്യുന്നതിന് ബാങ്ക് വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അനുമതി ചോദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്ക് വായ്പയിലൂടെ വീട് റിപ്പയർ ചെയ്യുന്നതിനായുള്ള ധനകാര്യ വകുപ്പിന്റെ എസ്.എഫ്.സി. -എ-2468950 ഫയൽ നമ്പർ പ്രകാരമുള്ള അപേക്ഷയിൽ അനുമതി ലഭിക്കാത്തത് കാരണം പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ധനകാര്യ വകുപ്പിന് പ്രത്യക്ഷമായ ബാധ്യത വരാതെ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രസ്തുത പദ്ധതിക്ക് എത്രയുംവേഗം അനുമതി നൽകാൻ നടപടി സ്വീകരിക്കാമോ?

**ധനപ്രതിസന്ധി മറികടക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ**

2348 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിലവിൽ നേരിടുന്ന ധനപ്രതിസന്ധിയുടെ പ്രധാന കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രതിസന്ധി മറികടക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ ;

(സി) വികസന-ക്ഷേമ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## <u>ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ</u>

2349 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിതകാലയളവിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യ സ്ഥിതിയെക്കുറിച്ചുമുള്ള കേരള പൊതു ചെലവ് അവലോകന സമിതിയുടെ എത്ര റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ട്; വിശദമാക്കാമോ;

(ഡി) ധനകമ്മി കുറച്ചു കൊണ്ടുവരുന്നതിനായി മുൻകാലങ്ങളിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം മാർഗനിർദേശങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>പദ്ധതി വിഹിതം</u>

2350 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024- 25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം എത്ര കോടി രൂപയാണെന്നും എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഇതിൽ ഓരോ വകുപ്പിന്റെ പദ്ധതി വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം എത്രയെന്നും ഇതുവരെ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

## <u>വ്യാപാരികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

2351 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിരുന്ന എത്ര വ്യാപാരികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വ്യാപാരികളുടെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കാസർഗോഡ് വികസന പാക്കേജിൽ കരാറുകാർക്ക് നൽകാനുള്ള കുടിശിക**

2352 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്ത കരാറുകാർക്ക് ബിൽ തുക നൽകാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്രകാലമായി കുടിശിക നിലനിൽക്കുന്നു; പ്രവൃത്തിയും തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിച്ച കരാറുകാർക്കും പ്രവൃത്തി തുടരുന്ന കരാറുകാർക്കും നൽകാനുള്ള തുക വേർതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഓരോ വർഷവും കാസർഗോഡ് പാക്കേജിന് ബജറ്റിൽ തുക വകയിരുത്തുന്നുവെങ്കിലും കരാറുകാർക്ക് കുടിശിക വരാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

**സർക്കാരിന്റെ ബാധ്യതയും തിരിച്ചടവും**

2353 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടം തിരിച്ചടവ് ഇനത്തിൽ അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് തിരിച്ചടക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം ഏജൻസികൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നിവ കൂടാതെ ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാർ ഗ്യാരന്റിയിൽ വായ്പ എടുത്തിട്ടുണ്ട്; ഈ സ്ഥാപനങ്ങൾ എല്ലാംകൂടി ചേർന്ന് ആകെ എത്ര രൂപ വായ്പയായി കൈപ്പറ്റിയിട്ടുണ്ട്; അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് ഈ സ്ഥാപനങ്ങൾ തിരിച്ചടക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾ ഓരോന്നിനും എത്ര രൂപയുടെ സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്; ഇതിൽ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുമെന്ന് വ്യക്തമാക്കപ്പെട്ട ബാധ്യത എത്രയാണ്; വ്യക്തമാക്കുമോ?

**സർക്കാരിന്റെ വായ്പാപരിധി**

2354 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം എടുക്കാവുന്ന പരമാവധി വായ്പയേക്കാൾ കൂടുതൽ തുക പലിശ ഇനത്തിൽ അടയ്ക്കേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് അറിയിക്കാമോ; വിവിധ ഇനങ്ങളിലായി 2024-25 സാമ്പത്തിക വർഷം മുതൽ സർക്കാർ അടയ്ക്കേണ്ട പലിശ സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ നഷ്ടപരിഹാരം എന്ന നിലയിൽ എത്ര കോടി രൂപ ഏതെല്ലാം വർഷങ്ങളിലായി സർക്കാർ കേന്ദ്രത്തിൽ നിന്നും വാങ്ങിയിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ കടം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

## <u>കിഫ്ബിയിൽ ജോലി ചെയ്യുന്ന വിരമിച്ച ഐ.എ.എസ്. ജീവനക്കാർ</u>

2355 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച എത്ര ഐ.എ.എസ്. ജീവനക്കാർ കിഫ്ബിയിൽ ജോലി ചെയ്യുന്നുണ്ട്; അവരുടെ പേരും അവർ എന്ന് മുതലാണ് കിഫ്ബിയിൽ ജോലി ചെയ്യാൻ തുടങ്ങിയതെന്നും വ്യക്തമാക്കുമോ; ഇവരുടെ പ്രതിമാസ ശമ്പളം/ഓണറേറിയം/ വേജസ് എത്രയാണ്; അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) അവർക്ക് ഐ.എ.എസ്. തസ്തികയിൽ നിന്ന് വിരമിച്ച വകയിലെ പെൻഷനും ഇക്കാലയളവിൽ ലഭിക്കുമോ; കിഫ്ബി സി.ഇ.ഒ. ശമ്പള ഇനത്തിൽ നാളിതുവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; മറ്റ് ആനുകൂല്യങ്ങളായി നാളിതുവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>കിഫ്ബി ധനസഹായത്തോടെയുള്ള സ്റ്റേഡിയനിർമ്മാണം</u>

2356 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയിരുന്ന കിറ്റ്കോ കാലതാമസം വരുത്തിയത് മൂലം അവരിൽ നിന്ന് ഏതെങ്കിലും പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കിറ്റ്കോയിൽ നിന്ന് ഏറ്റെടുത്ത എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ എത്ര പ്രവൃത്തികളാണ് കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## <u>ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണം</u>

2357 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബി വഴി പത്ത് കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കിഫ്ബി പദ്ധതി

2358 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) എത്ര കോടി രൂപ ഇതുവരെയായി കിഫ്ബിയിൽ നിന്നും ഓരോ വകുപ്പിനും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം

2359 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി ഹോസ്റ്റലുകളുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനം

2360 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച ഭൂരിഭാഗം ഹൈമാസ്റ്റ്, മിനിഹൈമാസ്റ്റ് ലൈറ്റുകളും പ്രവർത്തനരഹിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ ഹൈമാസ്റ്റ്, മിനിഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

## ചേലാട് സ്റ്റേഡിയം നിർമ്മാണം

2361 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കിഫ്ബി മുഖേന പരസ്യത്തിന് ചെലവാക്കിയ തുക

2362 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പരസ്യത്തിന് 2018 മുതൽ 2024 സെപ്തംബർ 30 വരെ ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ; പരസ്യം പ്രസിദ്ധീകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയ തുക പ്രത്യേകം ലഭ്യമാക്കാമോ;

(ബി) നിലവിൽ പരസ്യ ഇനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് പണം നല്കാനുണ്ടെന്ന് സ്ഥാപനത്തിന്റെ പേര്, തുക എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

## ചിറ്റൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2363 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിക്കാത്തതുമായ റോഡ് നവീകരണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## കിഫ്ബി മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ

2364 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വായ്പയെടുത്ത് നടപ്പാക്കുന്ന പല പദ്ധതികളും പാതിവഴിയിൽ നിലച്ചു പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വികസന പദ്ധതികൾക്കായി വായ്പ എടുത്തിട്ടുള്ള തുക വിനിയോഗിക്കാതെ ഇപ്പോഴും പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) വിവിധ ഏജൻസികളിൽ നിന്നും കടമെടുത്ത തുക ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## അരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2365 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് അരൂർ മണ്ഡലത്തിൽ 2016 മുതൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2366 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട കിഫ്ബി പ്രവൃത്തികളിൽ നിലവിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ ;

(ബി) പുതിയ കിഫ്ബി പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ അഞ്ചൽ ബൈപ്പാസിന്റെ തുടർച്ചക്കായി കെ.ആർ.എഫ്.ബി.യുടെ പ്രൊപ്പോസൽ കിഫ്ബിയ്ക്ക് ലഭിച്ചിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിക്കാൻ കഴിയുന്ന തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കിഫ്ബി ധനസഹായം സംബന്ധിച്ച്

2367 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ കില എസ്.പി.വി. ആയ 3 കോടി പദ്ധതിയിൽ വരുന്ന ഷേണായി സ്മാരക ജി. എച്ച്.എസ്.എസ്. കണ്ടങ്കാളി, ജി. എച്ച്.എസ്.എസ്. വെള്ളൂർ, 1 കോടി പദ്ധതിയിൽ വരുന്ന എ.കെ.എ. എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ എന്നിവിടങ്ങളിലെ കെട്ടിട നിർമ്മണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് അറിയിക്കാമോ;

(ബി) പദ്ധതി പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വിവിധ സാങ്കേതിക പ്രശ്നങ്ങൾ കാരണം പദ്ധതി തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ച് പദ്ധതി തുടങ്ങാൻ ആവശ്യമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ; വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

2368 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ പൂർത്തീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഈ സർക്കാർ പുതുതായി അംഗീകാരം നൽകിയ കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ഇനിയും ഭരണാനുമതി നൽകുന്നതിനായി കിഫ്ബിയിൽ അവശേഷിക്കുന്ന പദ്ധതികളുടെ വിശദാംശം, അവയുടെ തുക സഹിതം ലഭ്യമാക്കാമോ?

## തൃശ്ശൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പദ്ധതികൾ

2369 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതും ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ടെണ്ടർ ബാലൻസ് തുക വിനിയോഗം

2370 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് തുക പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് അനുമതി കൊടുത്തത് ഏത് വർഷം മുതലാണ്; ടെണ്ടർ ബാലൻസ് തുക വിനിയോഗിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത വർഷം മുതൽ 2022-23 വർഷം വരെ ഓരോ വർഷവും എത്ര തുക ടെണ്ടർ ബാലൻസ് ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## ആസ്തി വികസന ഫണ്ട് വെബ് പോർട്ടൽ പരിഷ്കരണം

2371 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗത്തിന്റെ വിവരങ്ങൾ വിശദമാക്കുന്നതും നിർദ്ദേശിച്ച പ്രവൃത്തികളുടെ സ്ഥിതി വിവരങ്ങൾ

കാണുന്നതിനുമായുള്ള വെബ് പോർട്ടൽ പരിഷ്കരിക്കുന്ന നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇതേ മാതൃകയിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗപ്പെടുത്തുന്നതിന്റെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വെബ് പോർട്ടൽ സംവിധാനം സജ്ജമാക്കുന്നതിനും നിർദ്ദേശിച്ച പ്രവൃത്തികളുടെ സ്ഥിതി വിവരങ്ങൾ ലോഗിൻ ചെയ്ത് കാണുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ എ.ഡി.എഫ്-ലെ ടെണ്ടർ സേവിംഗ്സ് തുക

2372 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ എ.ഡി.എഫ് മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

2373 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് തുക

2374 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വിശദമാക്കാമോ?

## ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കാൻ നടപടി

2375 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എം.എൽ.എ. മാരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇതനുസരിച്ച് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് മാനദണ്ഡങ്ങൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തൃശ്ശൂർ മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

2376 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 മുതൽ 2023-24 വരെ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതികൾക്കും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്നും, അവയുടെ നിലവിലെ സ്ഥിതിയും കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കുമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ സേവിംഗ്സ് തുക</u>

2377 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലേയും പ്രത്യേക വികസന നിധിയിലേയും സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സേവിംഗ്സ് തുക സംബന്ധിച്ച് യഥാസമയം എം.എൽ.എമാരെ അറിയിക്കുവാനും പ്രസ്തുത തുകയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

## <u>ആസ്തിവികസന ഫണ്ട്</u>

2378 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടുപയോഗിച്ച് സർക്കാർ ഹൈസ്കൂളുകൾ, ഹയർസെക്കന്ററി സ്കൂളുകൾ എന്നിവയ്ക്ക് സ്കൂൾ ബസ്സ് വാങ്ങുന്നതിന് തുക അഡ്വാൻസായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വലിയതോതിൽ തുക ആവശ്യമായി വരുന്ന ഇത്തരം പ്രൊപ്പോസലുകളിൽ സ്കൂളിന് വാഹനം ലഭ്യമാക്കുന്നതിനാവശ്യമായ തരത്തിൽ അഡ്വാൻസ് തുക അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ ആസ്തിവികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പ്രകാരം സ്കൂൾ ബസ്സ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## <u>വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഫണ്ട്</u>

2379 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെയും എം.പി മാരുടെയും ഫണ്ടുകൾ വിനിയോഗിച്ച് സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സർക്കാർ വിദ്യാലയങ്ങൾക്കും

കോളേജുകൾക്കും വാഹനം വാങ്ങിയതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയത് ടെണ്ടർ/ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (ജെം) മുഖേനയാണോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ വാഹന കമ്പനികൾക്ക് നൽകാനുള്ള തുക ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) വാഹന കമ്പനികൾക്ക് കുടിശ്ശികയുള്ളതിനാൽ എം.എൽ.എമാർ പ്രൊപ്പോസൽ ചെയ്ത പുതിയ പദ്ധതികളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും വിദ്യാലയങ്ങൾക്ക് കമ്പനികൾ വാഹനം ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി ഒരു നിശ്ചിത തുക അഡ്വാൻസ് നൽകി വിദ്യാലയങ്ങൾക്ക് വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ എസ്.ഡി.എഫ്. പ്രവൃത്തികൾ</u>

2380 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്) പ്രകാരം 2023-24 വർഷത്തിൽ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ; അത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>എം.എൽ.എ. ആസ്തി വികസന പദ്ധതി</u>

2381 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നിന്നും ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം?

## <u>പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്</u>

2382 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെയും സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം നിശ്ചയിക്കുന്നതിന്റെയും ഭാഗമായുള്ള

പ്രവർത്തനം ആരംഭിച്ച പശ്ചാത്തലത്തിൽ കേരളം സന്ദർശിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്നും ഭരണഘടനാപരമായി സംസ്ഥാനത്തിന് ലഭിക്കേണ്ട സാമ്പത്തിക പിന്തുണയും ആവശ്യങ്ങളും പതിനാറാം ധനകാര്യ കമ്മീഷനു മുമ്പാകെ സമർപ്പിക്കുന്നതിന് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്; ഇതിനായുള്ള എന്തെല്ലാം നടപടികളാണ് നടന്നുവരുന്നത്; വിശദമാക്കുമോ?

## കേരളത്തിന് അർഹമായ കേന്ദ്രവിഹിതം

2383 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത വരുമാനത്തിന്റെ അർഹതപ്പെട്ട വിഹിതം ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന പൊതു ചെലവുകൾക്ക് ആനുപാതികമായിട്ടാണോ കേന്ദ്രത്തിൽനിന്നും വിഹിതം കേരളത്തിന് ലഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) 15-ാം ധനകാര്യ കമ്മീഷൻ ശിപാർശകൾ കേന്ദ്ര-സംസ്ഥാന സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് എത്രത്തോളം സഹായകമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ധനകാര്യ കമ്മീഷന്റെ അവാർഡുകൾക്ക് അനുസരിച്ചുള്ള ധനവിഹിതം കേരളത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പരപ്പനങ്ങാടി എൽ.ബി.എസ് ഐ.ഐ.എസ്.ടി

2384 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ് ഐ.ഐ.എസ്.ടി (ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി)യ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാത്തതിനാൽ ഈ സ്ഥാപനം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) ഈ പ്രവൃത്തിക്ക് മുൻപ് 130 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയതിൽ നിന്നും ഒരു കോടി രൂപ റിലീസ് ചെയ്തു നൽകിയതിൽ ബാക്കിയുള്ള 129 കോടി രൂപ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## 'ജൈവ വൈപ്പിൻ' നബാർഡ് പദ്ധതി

2385 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതികളിൽ പ്രോപ്പോസലുകൾ തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും എപ്പോഴെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം പദ്ധതികൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകാറുണ്ടോ;

(സി) നബാർഡിൽ പദ്ധതികൾ സമർപ്പിക്കേണ്ടത് സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അറിയിപ്പ് നൽകാറുണ്ടോ;

(ഡി) എങ്കിൽ വൈപ്പിൻകരയുടെ നിലനിൽപ്പിനെ ബാധിക്കുന്നതും ഒരിക്കൽ നബാർഡ് തുക അനുവദിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ തുക നഷ്ടപ്പെട്ടതുമായ ജൈവ വൈപ്പിൻ പദ്ധതിയുടെ പ്രൊപ്പോസൽ നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടും സമയബന്ധിതമായി പുനഃസമർപ്പിക്കപ്പെടാത്തതിന് കാരണം വ്യക്തമാക്കാമോ?

## എയിഡഡ് വിദ്യാഭ്യാസ മേഖലയിലെ ശമ്പള ബില്ലുകൾക്ക് പുതിയ നിബന്ധന

2386 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരും പ്രധാന അദ്ധ്യാപകരും തയ്യാറാക്കുന്ന ശമ്പള ബില്ലുകൾ മേലധികാരികൾ കൗണ്ടർ സൈൻ ചെയ്യണമെന്ന് ധനകാര്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരം ഒരു ഉത്തരവ് ഇറക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ഇറക്കുന്നതിന് മുമ്പ് വിദ്യാഭ്യാസ വകുപ്പുമായോ ജീവനക്കാരുടെ സംഘടനകളുമായോ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് മൂലം എയിഡഡ് വിദ്യാഭ്യാസ മേഖലയിൽ ശമ്പള വിതരണം വൈകാനും ജോലിഭാരം വർദ്ധിക്കാനും ഇടയാകും എന്നതിനാൽ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം

2387 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതം അതതുമാസം നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശിക

2388 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏതെല്ലാം ഇനത്തിലുള്ള കുടിശികയാണ് നൽകാനുള്ളത്; ഇവ പൂർണ്ണമായി നൽകുന്നതിന് ആകെ എത്ര തുക ആവശ്യമുണ്ട്; പ്രസ്തുത കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 1.7.2024 മുതൽ സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും ലഭിക്കേണ്ട പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശിക നൽകുന്നതിനും പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ആവശ്യമായ തുക നേടിയെടുക്കുന്നതിന് പതിനാറാം ധനകാര്യ കമ്മീഷന്റെ മുൻപാകെ ആവശ്യമായ ശിപാർശ സമർപ്പിക്കുമോ?

## എയ്ഡഡ് അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള ബില്ലുകൾ പാസ്സാക്കുവാനുള്ള അധികാരം

2389 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള ബില്ലുകൾ പാസ്സാക്കുന്നതിനുള്ള നടപടി ക്രമങ്ങളിൽ സർക്കാർ പുതിയ നിബന്ധനകൾ കൊണ്ടു വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതുമൂലം ഓഫീസുകളിൽ അമിത ജോലിഭാരവും ശമ്പള വിതരണം വൈകുന്നതിനും കാരണമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രധാന അധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും ശമ്പള ബില്ലുകൾ പാസ്സാക്കി നേരിട്ട് ട്രഷറിയിൽ ഏൽപ്പിക്കുന്ന, 2020 മുതൽ നിലവിലുണ്ടായിരുന്ന സംവിധാനം പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത

2390 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്ത കുടിശിക ഉണ്ട് എന്ന് അറിയിക്കാമോ; പ്രസ്തുത ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി 10.07.2024-ൽ നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രഖ്യാപനം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഒരു സാമ്പത്തിക വർഷം രണ്ട് ഗഡു അനുവദിക്കും എന്ന് പ്രഖ്യാപിച്ചത് കുടിശികയിലെ രണ്ട് ഗഡു എന്നാണോ എന്നും വെളിപ്പെടുത്തുമോ;

(സി) അപ്രകാരമാണെങ്കിൽ ഈ സാമ്പത്തിക വർഷം മുതൽ ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ട രണ്ട് ഗഡുവും കുടിശികയിലെ രണ്ട് ഗഡുവും ചേർത്ത് ആകെ നാല് ഗഡു ക്ഷാമബത്ത ആണോ അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്നും ഇപ്രകാരം ക്ഷാമബത്ത കുടിശിക നിവാരണം നടത്താൻ ആണോ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

**<u>പദ്ധതി/പദ്ധതിയേതര ചെലവുകൾ</u>**

2391 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയുള്ള ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും ശതമാനവും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ</u>**

2392 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ച മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; അതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) അവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

## പുതിയ കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ

2393 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ 50 പുതിയ കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ ആരംഭിക്കും എന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ യിൽ നിന്ന് പി.എസ്.സിയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകൾ, എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം പുതിയതായി എത്ര ബ്രാഞ്ചുകൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

## തൃശ്ശൂർ മണ്ഡലത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ

2394 **ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് 2016-2017 മുതൽ 2024-2025 വരെയുള്ള കാലയളവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

## കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

2395 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ നൽകാൻ രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് സർക്കാർ എത്ര തുകയാണ് നൽകേണ്ടതെന്ന് അറിയിക്കാമോ; പെൻഷൻ കമ്പനിയുടെ ബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് പെൻഷൻ കമ്പനി വായ്പ എടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ; വായ്പ തുകയും പലിശ നിരക്കും എത്രയാണെന്ന് വ്യക്തമാക്കുമോ ; നിലവിൽ എത്ര മാസത്തെ ക്ഷേമ പെൻഷൻ കുടിശികയായി നിലനിൽക്കുന്നു; വിശദവിവരം നൽകുമോ?

## സഹകരണ ബാങ്കുകൾ വഴിയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ

2396 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നവർക്കായുള്ള ഇൻസെന്റീവ്

ഒരു വീടിന് എത്ര രൂപയാണ് നൽകി വരുന്നതെന്നും ഈയിനത്തിൽ എത്ര പേരെ വിതരണം നടത്താൻ നിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഈയിനത്തിൽ നൽകിയ ഇൻസെന്റീവ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഏതു കാലയളവു മുതൽ നൽകാനുണ്ടെന്നും കുടിശ്ശിക നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## സാമൂഹ്യക്ഷേമ പെൻഷൻ

2397 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷത്തിനിടെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിനായി എത്ര കോടി രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സാമ്പത്തിക പ്രതിസന്ധി

2398 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പണമില്ലാത്തതിനാൽ പദ്ധതികൾ വെട്ടിക്കുറയ്ക്കുകയും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തതു കാരണം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1127 പദ്ധതികൾ തുടങ്ങാതിരിക്കുകയോ വൈകുകയോ ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മൂലം പല പദ്ധതികളിലും ധനകാര്യവകുപ്പ് അനാവശ്യ എതിർപ്പുകൾ ഉന്നയിക്കുന്നതായി വിമർശനം ഉയർന്നിട്ടുള്ളതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ പദ്ധതി പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

2399 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്കടക്കമുള്ള ഫണ്ട് ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും കൊണ്ട് കണ്ടെത്തുവാൻ സാധിക്കാതെ, എല്ലാം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുകയെയും കടമെടുപ്പിനെയും മാത്രം ആശ്രയിച്ച് മുന്നോട്ട് പോകുവാൻ കഴിയുമോയെന്ന് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) കൊറോണ വ്യാപനത്തിന്റെ ഭാഗമായി ലോകമെമ്പാട്ടം ധനസ്ഥിതി മോശമായെങ്കിലും നിലവിൽ അതെല്ലാം തരണം ചെയ്യുവാൻ ലോക രാജ്യങ്ങൾക്കും ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും കഴിഞ്ഞ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും അർഹമായ ആനുകൂല്യങ്ങൾ നൽകാതെയും വികസന/ ക്ഷേമ പ്രവർത്തനങ്ങൾ നടത്താതെയും മുന്നോട്ടു പോകുന്നതിന്റെ കാരണം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

**കേന്ദ്ര-സംസ്ഥാനങ്ങളുടെ പൊതുകടം**

2400 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനമന്ത്രാലയത്തിന്റെ 2024 ജൂണിൽ അവസാനിക്കുന്ന പാദത്തിലെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാരിന്റെ പൊതുകടം എത്രയാണ്; വിശദമാക്കുമോ;

(ബി) ജി.ഡി.പി.യുടെ എത്ര ശതമാനമാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാർ കടമെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം ജി.എസ്.ഡി.പി.യുടെ എത്ര ശതമാനമാണ്; വിശദമാക്കുമോ;

(ഡി) കേന്ദ്ര-സംസ്ഥാനങ്ങളുടെ പൊതുകടത്തിന്റെ വർദ്ധനനിരക്ക് താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് എത്ര; വിശദമാക്കുമോ?

**സ്റ്റോർ പർച്ചേസിംഗുമായി ബന്ധപ്പെട്ട പരിഷ്കാരം**

2401 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോർ പർച്ചേസിംഗുമായി ബന്ധപ്പെട്ട് പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

**ദന്തൽ യൂണിറ്റ് തുടങ്ങുന്നതിനായി തസ്തിക**

2402 **ശ്രീ പി എസ് സുപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം' മാനദണ്ഡപ്രകാരം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരു ദന്തൽ സർജൻ, ഒരു ദന്തൽ ഹൈജീനിസ്റ്റ്, ഒരു ദന്തൽ മെക്കാനിക്ക് എന്നീ തസ്തികകളോടു കൂടിയ ദന്തൽ വിംഗ് മൈനർ സ്പെഷ്യാലിറ്റിയായി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദന്തൽ യൂണിറ്റ് നിലവിലില്ലാത്തതിനാൽ അത് തുടങ്ങുന്നതിന് ഭരണാനുമതി നൽകി ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയ അഞ്ച് താലൂക്ക് ആശുപത്രികളിൽ തസ്തിക

സൃഷ്ടിക്കുന്നതിന് വേണ്ടി ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത ഫയലിൻമേൽ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശിക

2403 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശികയിൽ കാലാവധി കഴിഞ്ഞവ പിൻവലിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്ക് ഏർപ്പെടുത്താനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക എന്നത്തേക്ക് പിൻവലിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും ശമ്പള ബില്ലുകൾ മാറ്റി നൽകുന്ന നടപടി

2404 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും ശമ്പള ബില്ലുകൾ ട്രഷറിയിൽ നേരിട്ടു നൽകി പാസാക്കാൻ സ്ഥാപനമേധാവിമാർക്ക് ഉണ്ടായിരുന്ന അധികാരം ധനകാര്യവകുപ്പ് റദ്ദാക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ അധികാരം റദ്ദാക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഈ സ്ഥാപനങ്ങളിലെ ശമ്പളം മാറുന്നതിന് പകരം ഒരുക്കിയിരിക്കുന്ന സംവിധാനം എന്താണെന്ന് അറിയിക്കുമോ;

(സി) ഈ തീരുമാനം നടപ്പാക്കുന്നതിലൂടെ സർക്കാരിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം മാറി കൊടുക്കേണ്ട ചുമതല കൂടി വരുന്നതോടുകൂടി ഉദ്യോഗസ്ഥർക്ക് അധിക ജോലി ഭാരം ഉണ്ടാകുന്നതു മൂലം ശമ്പള വിതരണം യഥാസമയം നടക്കാതിരിക്കാൻ സാധ്യതയുണ്ടെന്ന സർവ്വീസ് സംഘടനകളുടെ ആശങ്ക പരിശോധിക്കുകയുണ്ടായോ;

(ഇ) ഈ തീരുമാനത്തിനെതിരെ സർവീസ് സംഘടനകൾ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ ജീവനക്കാരുടെ സേവന വേതന സോഫ്റ്റ്‌വെയർ

2405 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവീസിലെ ഏകദേശം മുപ്പത്തയ്യായിരം വരുന്ന ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക് മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത 3 പ്രൊപ്പോസലുകൾ പരിഗണിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ ലഭിച്ച എൽ.എസ്.ജി.ഡി-ഇആർഎ3 /84/2022-എൽ.എസ്.ജി.ഡി എന്ന ഫയലിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടി ക്രമങ്ങളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) സർക്കാരിന്റെ സുപ്രധാന നയമായ വകുപ്പ് സംയോജനത്തിന്റെ കാതലായ ഭാഗമായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയുടെ ഏകീകരണം നാളിതുവരെ നടപ്പിലാക്കാൻ സാധിക്കാത്ത കാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ</u>

2406 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ 2016-17 മുതൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവെച്ചിരുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയത് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം</u>

2407 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുത്തൻ നയങ്ങൾ കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. ഉൾപ്പെടെ വിവിധയിനങ്ങളിലായി ലഭിക്കേണ്ട കുടിശ്ശികകളുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

## <u>ചട്ടം 300 പ്രസ്താവനയിന്മേലുള്ള നടപടി</u>

2408 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കഴിഞ്ഞ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന്റെ ഭാഗമായി നൽകേണ്ട കുടിശിക, ഡി.എ/ഡി.ആർ കുടിശിക മുതലായവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിനായി ധനവകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഉറപ്പ് നടപ്പാക്കുന്നതിന് എത്ര രൂപ ആവശ്യമായി വരുമെന്ന് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

## ഫാമിലി പെൻഷൻ

2409 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യമോ മാനസിക വെല്ലുവിളിയോ നേരിടുന്നവർക്ക് മാതാപിതാക്കളുടെ ഫാമിലി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ധനകാര്യ പെൻഷൻ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) മുൻകാലങ്ങളിൽ പെൻഷൻ ലഭിക്കേണ്ടവർക്ക് വരുമാന പരിധിയും പ്രായപരിധിയും നിശ്ചയിച്ചിരുന്നോയെന്നും ഇപ്പോൾ എപ്രകാരമാണ് നിജപ്പെടുത്തിയിരിക്കുന്നതെന്നും ഇത്തരത്തിൽ വരുമാന പരിധി നിശ്ചയിക്കാനുണ്ടായ സാഹചര്യമെന്തെന്നും വിശദമാക്കുമോ;

(സി) ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി 25 വയസ്സിന് മേലുള്ള അവിവാഹിതരായ പെൺമക്കൾക്ക് എപ്രകാരമാണ് വരുമാനപരിധി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് പരിഷ്കരിച്ചതിന്റെ വിവരങ്ങൾ നൽകാമോ;

(ഡി) ശാരീരിക വൈകല്യമോ മാനസിക വെല്ലുവിളിയോ നേരിടുന്നവർക്കും 25 വയസ്സിന് മേലുള്ള അവിവാഹിതരായ പെൺമക്കൾക്കും മാതാപിതാക്കളുടെ ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട വരുമാനപരിധി വളരെ കുറവാണെന്നതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാമോ?

## ധനകാര്യ വകുപ്പിൽ തീർപ്പാക്കാനുള്ള ഫയലുകൾ

2410 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ വകുപ്പിൽ എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ തലപ്പത്തുണ്ടായിരുന്ന അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു; ഓരോരുത്തരുടെയും കാലയളവ് എത്രയായിരുന്നു;

(സി) ഇവരുടെ പെട്ടെന്നുള്ള സ്ഥലമാറ്റം ധനകാര്യ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ പുത്തൂർ ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം</u>**

2411 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുത്തൂർ ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>ചാപ്പനങ്ങാടി – ഇന്ത്യനൂർ റോഡിലെ ഡ്രെയിനേജ് നിർമ്മാണം</u>**

2412 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ചാപ്പനങ്ങാടി - ഇന്ത്യനൂർ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള ഡ്രെയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിൻമേൽ (ഫയൽ നമ്പർ ഐഎൻഡി& പിഡബ്ല്യൂ ബി1 /367/2023) ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര പ്രധാന്യം കണക്കിലെടുത്ത് മതിയായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരണം</u>**

2413 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരണത്തിന് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ ഡി.പി.ആർ. ആണ് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ആയതിന് കിഫ്ബി ഭരണാനുമതി നൽകാൻ ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കൂത്തുപറമ്പ് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2414 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും, അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദ വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ;

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾക്ക് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2415 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

## വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

2416 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

## ആലുവ-മൂന്നാർ റോഡ് നിർമ്മാണം

2417 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായ ആലുവ-മൂന്നാർ റോഡ് നാലുവരിപ്പാത ആക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2418 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഏതൊക്കെ കിഫ്ബി പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാനുണ്ടെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേരുവിവരവും നൽകാനുള്ള തുകയെത്രയെന്നും വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2419 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഇവയിൽ ഇതുവരെ ആരംഭിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

## കേന്ദ്രത്തിൽ നിന്നുള്ള പുതിയ നികുതി നിർദേശങ്ങൾ

2420 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം മുതൽ എന്തെല്ലാം പുതിയ നികുതി നിർദേശങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കേന്ദ്രം അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2024 ഒക്ടോബർ 1 മുതൽ കേന്ദ്രം നിർദ്ദേശിച്ച നികുതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിക്കുന്നതിനുമുമ്പ് സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപിച്ചത് മൂലമാണ് നികുതി നിർദേശം സംബന്ധിച്ച് ഇത്തരമൊരു പ്രതിസന്ധി സംജാതമായതെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

## നികുതി വരുമാനം

2421 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## എറണാകുളം ജില്ലയിലെ സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം

2422 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പ് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം നടപ്പാക്കിയ എറണാകുളം ജില്ലയിലെ വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്ന പ്രസ്തുത പദ്ധതി മറ്റ് വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ആരംഭിച്ച വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

## ജി.എസ്.ടി. ഇന്റലിജൻസിന്റെ റെയ്ഡ്

2423 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രി കച്ചവടത്തിന്റെ മറവിൽ നടത്തിയ തട്ടിപ്പ് സംബന്ധിച്ച് സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് 2024-ൽ നടത്തിയ റെയ്ഡിന്റെ ഭാഗമായി എത്ര രൂപ നികുതിയായും പിഴയായും ഈടാക്കി; വ്യക്തമാക്കുമോ?

## ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം

2424 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റ ഉത്തരവ് അവസാനമായി പുറപ്പെടുവിച്ച തീയതി തസ്തിക തിരിച്ച് ലഭ്യമാക്കാമോ; 2024 കലണ്ടർ വർഷം ഗസറ്റഡ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയ തീയതിയും അത് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിയും അറിയിക്കാമോ; ജി.എസ്.ടി. വകുപ്പിൽ ജീവനക്കാരുടെ സ്ഥാനക്കയറ്റ ഉത്തരവുകൾ അകാരണമായി വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ കലണ്ടർ വർഷവും സ്ഥാനക്കയറ്റത്തിനുള്ള ലിസ്റ്റ് ജനുവരി 1 മുതൽ ലഭ്യമാക്കത്തക്ക രീതിയിൽ മുൻകൂട്ടി തയ്യാറാക്കുവാൻ സാധിക്കുമോ; സ്ഥാനക്കയറ്റം അകാരണമായി വൈകുന്നത് മൂലം പല ജീവനക്കാരും കോടതി വിധിയിലൂടെ ശമ്പളം അടക്കമുള്ള ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ഒരു ഉയർന്ന തസ്തികയിൽ സേവനം ചെയ്യാതെ തന്നെ ശമ്പളം നൽകേണ്ടി വരുന്നത് സർക്കാരിന് വൻ ബാധ്യത വരുത്തിവയ്ക്കുന്നതിനാൽ വകുപ്പിലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലും സമയബന്ധിത പ്രൊമോഷൻ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും സർക്കാരിന് ഉണ്ടാക്കുന്ന സാമ്പത്തിക ബാധ്യത ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുവാനും സാധിക്കുമോ; വിശദമാക്കാമോ?

## ലക്കി ബിൽ ആപ്പ് പദ്ധതി

2425 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പ് നടപ്പിലാക്കിയ ലക്കി ബിൽ ആപ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതുവഴി സർക്കാരിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്നും പദ്ധതി കാരണം ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ;

(സി) ലക്കി ബിൽ ആപ്പ് പദ്ധതി കൊണ്ട് സംസ്ഥാനത്ത് എത്ര നികുതി വെട്ടിപ്പ് കേസുകൾ കണ്ടെത്തിയെന്നും അതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ?

## സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം

2426 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡം അനുസരിച്ചുള്ള ഓൺലൈൻ സ്ഥലംമാറ്റം സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ പൊതു സ്ഥലംമാറ്റം നടക്കാത്തതിനാൽ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് ടാക്സ് ഓഫീസർ തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു മൂലമുണ്ടാകുന്ന വരുമാന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2024-ലെ ജനറൽ ട്രാൻസ്ഫർ ഓൺലൈനിൽ നടത്തണമെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് തടഞ്ഞുവെച്ചത് വകുപ്പിലെ ഭരണാനുകൂല സംഘടനകളുടെ സമ്മർദ്ദം മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

## <u>സംസ്ഥാന ജി. എസ്. ടി. വകുപ്പിലെ നിയമന പ്രശ്നങ്ങൾ</u>

2427 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഇൻ്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണ് എന്നറിയിക്കാമോ; ഇതിലേക്കായി അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത പോസ്റ്റിൽ അപേക്ഷ സമർപ്പിച്ചവരിൽ സർവ്വീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിനും അനധികൃത സ്വത്തു സമ്പാദനത്തിനും സസ്പെൻഷനും വിജിലൻസ് നടപടികളും നേരിടുന്നവർ അപേക്ഷ സമർപ്പിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാന ജി. എസ്. ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് എന്നറിയിക്കാമോ;

(ഇ) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എം.ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ, കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ 2003-ൽ നൽകിയ പരാതിയിലും ജി.എസ്.ടി. വകുപ്പ് കൊച്ചി സിറ്റി പോലീസിൽ നൽകിയ പരാതിയിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## <u>വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥർ</u>

2428 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം നേടിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങളും അത്തരം കേസുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ

ചെയ്തിട്ടുള്ള എഫ്.ഐ.ആർ.കളുടെ വിവരവും ലഭ്യമാക്കാമോ; എഫ്.ഐ.ആർ നൽകിയിട്ടില്ല എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

**ജി.എസ്.ടി. വകുപ്പിൽ ഇന്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവി നിയമനം**

2429 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഇന്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ഇന്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരം, യോഗ്യത എന്നിവ അറിയിക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോയെന്നും സർവ്വീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിനും അനധികൃത സ്വത്തു സമ്പാദനത്തിനും സസ്പെൻഷൻ, വിജിലൻസ് നടപടികൾ തുടങ്ങിയവ നേരിട്ടവർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കാമോ?

**ജി.എസ്.ടി. വകുപ്പ് പുന:സംഘടന**

2430 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് പുന:സംഘടനയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഇന്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്നും ഇതിലേക്കായി അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരങ്ങളും അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ സർവ്വീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിന് സസ്പെൻഷൻ നടപടികൾ നേരിട്ടവരോ അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസ് അന്വേഷണം നേരിടുന്നവരോ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനങ്ങൾ**

2431 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിൽ സീനിയർ ഡാറ്റ അനലിസ്റ്റ്, ഡാറ്റ അനലിസ്റ്റ് തുടങ്ങിയ തസ്തികകളിൽ കരാർ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ നിയമനങ്ങളിലൂടെ നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നല്കാമോ;

(ബി) ഇത്തരം നിയമനങ്ങൾ സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജി.എസ്.ടി. വകുപ്പിലെ പൊതു സ്ഥലംമാറ്റം

2432 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ 2017-ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ചുള്ള ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ പൊതു സ്ഥലംമാറ്റം നടക്കാത്തതിനാൽ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് ടാക്സ് ഓഫീസർ തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ സർക്കാരിന് വരുമാന നഷ്ടം ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ;

(സി) 2024-ലെ ജനറൽ ട്രാൻസ്ഫർ ഓൺലൈനിൽ നടത്തണമെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ ?

## സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഒഴിവുകൾ

2433 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ മുതൽ ജോയിന്റ് കമ്മീഷണർ തസ്തിക വരെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ഡി.പി.സി. യോഗങ്ങൾ ചേർന്ന് ലിസ്റ്റ് അംഗീകരിച്ച് ജി.എസ്.ടി. കമ്മീഷണർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉയർന്ന ഉദ്യോഗസ്ഥരുടെ അഭാവം മൂലം വകുപ്പിന്റെ പ്രവർത്തനം പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതായും സംസ്ഥാനത്തിന്റെ നികുതി ചോർച്ചയ്ക്ക് കാരണമാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് ഡെപ്യൂട്ടി കമ്മീഷണർമാരുടെ സെലക്ട് ലിസ്റ്റിന് അപ്രൂവൽ നൽകിയിട്ടും പ്രൊമോഷൻ നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ഇ) വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റത്തിന്റെ മറവിൽ പ്രൊമോഷൻ നടപടികൾ തടസ്സപ്പെടുന്നത് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വീഡിയോഗ്രാഫർമാരുടെ വേതനം

2434 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിൽ വിവിധ സ്ക്വാഡുകളിലും തെരഞ്ഞെടുപ്പ് ദിവസം ബൂത്തുകളിലും വീഡിയോ ചിത്രീകരിച്ച എത്ര വീഡിയോഗ്രാഫർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർ ജോലി ചെയ്ത കാലയളവ് എത്ര മാസമാണെന്നും പ്രസ്തുത കാലയളവിൽ ഇവർ എത്ര ഡ്യൂട്ടി ചെയ്തുവെന്നും ആ വകയിൽ എത്ര രൂപ ഇവർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ തുക ഇവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ;

(ഡി) ഫുൾ ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ ഇവർ ഹാജരാക്കിയിട്ടുണ്ടോയെന്നും കാസർഗോഡ് ജില്ലയിൽ ഇതിനുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) തെരഞ്ഞെടുപ്പ് കാലത്ത് സേവനം ചെയ്ത വീഡിയോഗ്രാഫർമാർക്ക് വേതനം കിട്ടാതിരിക്കാനുള്ള കാരണം ട്രഷറി നിയന്ത്രണമാണ് എന്നത് ശരിയാണോ; സംസ്ഥാനത്ത് ഈ പ്രശ്നം നിലനിൽക്കുന്ന മറ്റു ജില്ലകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## <u>വെഞ്ഞാറമൂട് പുതിയ സബ്ട്രഷറി</u>

2435 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വെഞ്ഞാറമൂട് കേന്ദ്രമാക്കി പുതിയ സബ് ട്രഷറി അനുവദിക്കുന്നതിനായി ലഭിച്ച ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വെഞ്ഞാറമൂട് പുതിയ സബ്ട്രഷറി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>ട്രഷറികളുടെ കെട്ടിട നിർമ്മാണം</u>

2436 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർപ്പുളശ്ശേരി, ഷൊറണ്ണൂർ ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം പൂർത്തിയാക്കി എന്നത്തേക്ക് ട്രഷറികളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ അപാകതകൾ</u>

2437 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ അപാകതകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; അവ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) നിഷ്ക്രിയ അക്കൗണ്ടുകളിലെ തുക റവന്യൂ അക്കൗണ്ടുകളിലേക്ക് മാറ്റാറുണ്ടോ; കഴിഞ്ഞ അഞ്ചു വർഷത്തിൽ അധികമായ നിഷ്ക്രിയമായ അക്കൗണ്ടുകളുടെ വിശദാംശം നൽകുമോ;

(ഡി) ട്രഷറി അക്കൗണ്ടുകളിലെ അപാകതകൾ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>ലോട്ടറി വിൽപനയിലൂടെ ലഭ്യമാകുന്ന വരുമാനം</u>**

2438 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ലോട്ടറി വിൽപനയിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷം ലോട്ടറി എടുത്തവർക്ക് സമ്മാനത്തുകയായി നൽകിയിട്ടുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) സമ്മാനത്തുകയുടെ നികുതിയിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള വരുമാനം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ലോട്ടറി വിൽപനയിലൂടെ ലഭ്യമാകുന്ന വരുമാനം എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ലോട്ടറി വിൽപനയ്ക്കായി നിലവിൽ എത്ര ഏജൻസികളുണ്ടെന്നും ഓരോ ഏജൻസിയും 2023 ഏപ്രിൽ 1 മുതൽ 2024 സെപ്റ്റംബർ 30 വരെ ലോട്ടറി വകുപ്പിൽ നിന്ന് എത്ര രൂപയ്ക്കുള്ള ലോട്ടറി ടിക്കറ്റുകൾ കൈപ്പറ്റിയിട്ടുണ്ടെന്നുമുള്ള വിവരം ഏജൻസി തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) ലോട്ടറി ഓഫീസുകളിൽ നിന്ന് ഏജൻസികൾക്ക് പ്രതിദിനം ഒന്നിലധികം തവണ ടിക്കറ്റുകൾ ലഭ്യമാക്കാറുണ്ടോയെന്ന് അറിയിക്കാമോ;

(ജി) 2023 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ ലോട്ടറി വകുപ്പിൽ നിന്നും എത്ര രൂപയുടെ ലോട്ടറി ടിക്കറ്റുകൾ വിൽപനയ്ക്കായി വ്യക്തികൾ കൈപ്പറ്റിയിട്ടുണ്ടെന്നുള്ള വിവരം ഏജൻസി തിരിച്ച് ലഭ്യമാക്കാമോ?

**<u>ലോട്ടറി പരസ്യം</u>**

2439 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2021 മേയ് മുതൽ 2024 സെപ്തംബർ 30 വരെ സംസ്ഥാന ലോട്ടറി വകുപ്പ്, ലോട്ടറി നറുക്കെടുപ്പുമായി ബന്ധമില്ലാത്ത പരസ്യങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പരസ്യം പ്രസിദ്ധീകരിച്ച സ്ഥാപനങ്ങൾ, അവർക്ക് നൽകിയ തുക എന്നിവ സംബന്ധിച്ച വിശദാംശം പ്രത്യേകം ലഭ്യമാക്കാമോ?

**<u>കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പ്</u>**

2440 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ടുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തട്ടിപ്പ് പുറത്ത് വന്നശേഷം സംഘത്തിന്റെ അഭ്യർത്ഥന പരിഗണിച്ചോ സർക്കാർ നിർദ്ദേശ പ്രകാരമോ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റിയ്ക്ക് കെ.എസ്.എഫ്.ഇ. വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ വായ്പ നൽകിയ തീയതി, വായ്പാ തുക, പലിശനിരക്ക് എന്നിവ വ്യക്തമാക്കാമോ;

(സി) സാമ്പത്തിക തട്ടിപ്പ് നടത്തിയ ഈ സംഘത്തിനെ പുനരുജ്ജീവിപ്പിക്കുന്നതിനായി കെ.എസ്.എഫ്.ഇ. നൽകിയ വായ്പയ്ക്ക് ഉത്തരവാദികളായ ഏതെങ്കിലും കെ.എസ്.എഫ്.ഇ. ജീവനക്കാർ നിലവിൽ കമ്പനി സർവീസിലുണ്ടോ; എങ്കിൽ അവരുടെ പേരും,നിലവിലെ തസ്തികയും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് കെ.എസ്.എഫ്.ഇ. വായ്പയായി നൽകിയ തുകയിൽ നാളിതുവരെ എത്ര തുക തിരിച്ചടവായി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) കെ.എസ്.എഫ്.ഇ.യ്ക്ക് സാമ്പത്തിക ബാധ്യത വരുത്തി വയ്ക്കുന്ന കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് അവരുടെ മേൽ ചുമത്തപ്പെട്ട ബാധ്യത തീർപ്പാക്കാതിരുന്നാൽ വിരമിക്കൽ ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കാറുണ്ടോ; വിശദമാക്കാമോ;

(എഫ്) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പിന്റെ ബാധ്യത നികത്തുവാൻ കെ.എസ്.എഫ്.ഇ. നൽകിയ വായ്പാതുക കൈപ്പറ്റിയ സൊസൈറ്റി ഭാരവാഹികളായ കെ.എസ്.എഫ്.ഇ. ജീവനക്കാർ വിരമിക്കുന്ന വേളയിൽ വായ്പാ തിരിച്ചടവ് പൂർത്തിയാക്കിയില്ലെങ്കിൽ ഈ സാമ്പത്തിക ബാധ്യത അവരുടെ മേൽ ചുമത്തപ്പെടുമോ; എങ്കിൽ അവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ബാധിക്കപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

## <u>കെ.എസ്.എഫ്.ഇ. നൽകിവരുന്ന ഇളവുകൾ</u>

2441 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യിൽ നിന്നും ചിട്ടി, ലോൺ എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് പ്രയാസം നേരിടുന്നവർക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## <u>കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ</u>

2442 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വിശദമാക്കാമോ?

## കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ

2443 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 2024 സെപ്റ്റംബർ മുതൽ 2025 ഡിസംബർ 31 വരെ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഇതിന്റെ ചുമതല ആർക്കാണെന്ന് അറിയിക്കുമോ;

(സി) ഓരോ മാസവും കെ.എസ്.എഫ്.ഇ.യിൽ റിട്ടയർമെന്റ്, വിടുതൽ, പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക എന്നിവയുടെ ഭാഗമായി ഉണ്ടാകുന്ന ഒഴിവുകൾ അതത് മാസംതന്നെ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## പ്രവാസി മലയാളികൾക്കായി കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പുതിയ പദ്ധതികൾ

2444 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികൾക്കായി ഓൺലൈൻ പണമിടപാടിനുള്ള സൗകര്യം കെ.എസ്.എഫ്.ഇ ഒരുക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## സ്വകാര്യ ആശുപത്രികളിലെ മെഡിസെപ്

2445 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട പെൻഷൻകാർക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയ ശേഷം ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ അർഹരായവർക്ക് ചെലവായ തുക മെഡിസെപിൽ നിന്ന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ആരോഗ്യ ഇൻഷുറൻസ് കുടിശിക

2446 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ്, കെ.എ.എസ്.പി. പദ്ധതികൾക്ക് നിലവിൽ സർക്കാർ കുടിശിക നൽകാനുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കുടിശിക തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## മെഡിസെപ്പ് പദ്ധതി

2447 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ആനുകൂല്യം എല്ലാ ആശുപത്രിയിലേക്കും വ്യാപിപ്പിക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പ് അനുവദിച്ച് വരാൻ താമസിക്കുന്നതിനാൽ പല ഹോസ്പിറ്റലുകളിലും ഡിസ്ചാർജ് ചെയ്തതിനുശേഷം ക്യാഷ് അടച്ച് പോകാൻ രോഗിയെ നിർബന്ധിതമാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ആവശ്യമുള്ളവർക്ക് മാത്രം മെഡിസെപ്പിൽ ചേരാൻ അനുവാദം നൽകുന്നതിനെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇതിന് നിയമതടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) മെഡിസെപ്പുമായി ബന്ധപ്പെട്ട് ഇതുവരെ ആകെ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികൾക്ക് പരിഹാരം കണ്ടുവെന്നും വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ മെഡിസെപ് പദ്ധതി

2448 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കാണ് ക്യാഷ് ഈടാക്കാതെയുള്ള ചികിത്സ ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) തുടക്കത്തിൽ മെഡിസെപ് പദ്ധതിയിൽ ഉണ്ടായിരുന്ന ഏതെങ്കിലും ആശുപത്രികൾ പദ്ധതിയിൽ നിന്ന് പിൻമാറിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്ന് പിൻമാറിയ ആശുപത്രികളെ വീണ്ടും ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## താമരശ്ശേരി താലൂക്കിൽ ലീഗൽ സർവ്വീസ് അതോറിറ്റി കമ്മിറ്റി

2449 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിലവിൽ വന്ന താമരശ്ശേരി താലൂക്കിൽ ലീഗൽ സർവ്വീസ് അതോറിറ്റി കമ്മിറ്റി നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോറിറ്റി രൂപീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) താമരശ്ശേരി താലൂക്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ലീഗൽ സർവ്വീസ് കമ്മിറ്റി നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ?

**അഡിഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോർട്ട് അനുവദിക്കുന്നത് സംബന്ധിച്ച്**

2450 **ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് പുതിയ അഡിഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി അനുവദിക്കുന്നതിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ ;

(ബി) പുതിയ കോടതി അനുവദിക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**പള്ളിപ്പുറം ബാങ്കിന്റെ ഗഹാനുകൾ പുതുക്കുന്നത് സംബന്ധിച്ച്**

2451 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുന്ന ചെറായി, മുനമ്പം പ്രദേശങ്ങളിലെ സാധാരണക്കാരായ ജനവിഭാഗങ്ങളുടെ വസ്തുക്കൾ ഈടായി നൽകിയതിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിച്ച വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം സർവീസ് സഹകരണ ബാങ്കിന്റെ ഗഹാനുകൾ പുതുക്കുവാൻ കുഴുപ്പിള്ളി സബ് രജിസ്ട്രാർ തയ്യാറാകാത്തതിനാൽ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 46/2007 നമ്പർ സർക്കുലർ പ്രകാരം ഒരു തവണ രജിസ്റ്റർ ചെയ്ത ഗഹാൻ ഉള്ളപക്ഷം തുടർച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്യാതെ വായ്പ പുതുക്കി നൽകുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത വായ്പകൾ ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ പുതുക്കുവാൻ അനുവാദം നൽകുമോ എന്ന് അറിയിക്കാമോ;

(ഡി) പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗഹാൻ രജിസ്റ്റർ ചെയ്ത് ലഭ്യമാക്കുന്നതിനോ സർക്കുലർ പ്രകാരം വായ്പ പുതുക്കി ലഭ്യമാക്കുന്നതിനോ ബാങ്ക് നേരിട്ടും എം.എൽ.എ. മുഖാന്തിരവും സമർപ്പിക്കപ്പെട്ട കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

**ഗാല പദ്ധതിയിൽ ഷൊർണ്ണൂർ നഗരസഭയിൽ ആരംഭിക്കുന്ന ബഹുനില വ്യവസായ സമുച്ചയനിർമ്മാണ നടപടി**

2452 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ഗാലപദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നഗരസഭയിൽ ആരംഭിക്കുന്ന ബഹുനില വ്യവസായ സമുച്ചയനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## മലപ്പുറം സ്പിന്നിംഗ് മിൽ ജീവനക്കാരുടെ ശമ്പള വർധനവ്

2453 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ് , ഓഫീസർ എന്നിവരുടെ ശമ്പളം വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഈ മാനദണ്ഡപ്രകാരം തൊഴിലാളികൾക്ക് ശമ്പളം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാരുമായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുള്ള നാലുവർഷം കാലാവധി പൂർത്തിയാക്കിയ സ്പിന്നിങ് മില്ലുകളിലെ ജീവനക്കാരുടെ ശമ്പള വർധനവ് സംബന്ധിച്ച് ചർച്ച ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളിൽ ഗ്രാറ്റുവിറ്റിയും പി.എഫ്. കുടിശികയും നൽകാനുണ്ടോ; എങ്കിൽ നൽകാനുള്ള സ്ഥാപനത്തിന്റെ പേരും നൽകാനുള്ള തുകയും ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളിൽ കോടതിവിധി പ്രകാരം ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ?

## കല്യാശ്ശേരി മണ്ഡലത്തിലെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണം

2454 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മെഡിക്കൽ ഉപകരണ വ്യവസായം

2455 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് എത്ര സംരംഭങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്; ഈ വ്യവസായ രംഗത്തിന്റെ വളർച്ചയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## ഹൈടെക് ലാബുകൾ

2456 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ ഗവൺമെന്റ് മിഡിൽ സ്കൂൾസ്, ഹൈസ്കൂൾസ്, ഹയർ സെക്കണ്ടറി സ്കൂൾസ് എന്നിവിടങ്ങളിൽ സമഗ്ര ശിക്ഷ, ഐ.സി.ടി. ആന്റ് ഡിജിറ്റൽ ഇനിഷ്യേറ്റീവ് പ്രകാരം ഹൈടെക് ലാബുകൾ ഒരുക്കുന്നതിന് 02.01.2024 ന്

ക്ഷണിച്ച ടെണ്ടർ നടപടി പ്രകാരം കെൽട്രോണിന് ടെണ്ടർ ലഭിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത ടെണ്ടർ എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(സി) കെൽട്രോൺ നേരിട്ടാണോ ഇതിന്റെ സപ്ലൈയും ഇൻസ്റ്റലേഷനും മെയിന്റനൻസും നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) തമിഴ്നാട് ഗവൺമെന്റ് സബ് ചെയ്യുന്നതിന് പ്രത്യേകമായ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടോ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## എടരിക്കോട് കെ.ഇ.എൽ യൂണിറ്റ് ലാഭകരമാക്കുന്നതിനുള്ള നടപടികൾ

2457 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കെ.ഇ.എൽ യൂണിറ്റ് കൂടുതൽ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ;

(ബി) സ്ഥാപനത്തിൽ ഉത്പാദിപ്പിക്കുന്ന പ്രൊഡക്ടുകൾ എന്തെല്ലാമാണെന്നും, ഒരു വർഷത്തിൽ എത്ര വീതം ഉല്പാദിപ്പിക്കുന്നുണ്ടെന്നതും സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബിന്റെ രൂപീകരണം

2458 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി ദെലീമ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസൃതമായി പ്രത്യേക വ്യവസായങ്ങളുടെ ഹബ്ബുകളാക്കി മാറ്റുവാൻ സാധിക്കുമോയെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെയടിസ്ഥാനത്തിൽ ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പരിഗണിച്ച് അന്താരാഷ്ട്ര ബ്രാൻഡുകളിലുള്ള വാഹനങ്ങളുടെ നിർമ്മാണത്തിനായുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി മുൻനിര വാഹന നിർമ്മാതാക്കളുമായി കൂടിയാലോചന നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ മുൻകൈ എടുക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

2459 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആറാലുംമൂട് കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് , കൊറ്റാമത്തുള്ള കെൽപാം, കാരോട്ടുള്ള പവർലൂം എന്നീ വ്യവസായ

സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഓരോ സ്ഥാപനത്തിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

**മലപ്പുറം മണ്ഡലത്തിൽ വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

2460 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം മലപ്പുറം മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര തുക ധന സഹായമായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് അനുമതിയും സഹായവും ലഭ്യമായിട്ടുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

**പുനലൂർ താലൂക്കിൽ പ്രവർത്തിക്കുന്ന കൈത്തറി, കയർ, കശുവണ്ടി, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനം**

2461 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ സർക്കാർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി, കയർ, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി ഫാക്ടറികൾ എന്നിവയുടെ പേര്, സ്ഥലം, ഉടമസ്ഥന്റെ പേര്, പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പുനലൂർ താലൂക്കിൽ സർക്കാർ, സ്വകാര്യ മേഖലകളിലായി പ്രവർത്തിച്ചുകൊണ്ടിരുന്ന എത്ര കൈത്തറി, കയർ, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി ഫാക്ടറികൾ എന്നിവ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അവയുടെ വിശദവിവരങ്ങളും ആരുടെയൊക്കെ ഉടമസ്ഥതയിലാണെന്നതും വിശദമാക്കാമോ;

(സി) പുനലൂർ താലൂക്കിൽ പൂട്ടിപ്പോയ കൈത്തറി, കയർ ,പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി ഫാക്ടറികൾ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിൽ ഇനി പുനരുജ്ജീവനത്തിന് സാധ്യതയുള്ള എത്ര വ്യവസായങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ; പുനരുജ്ജീവനത്തിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കടക്കെണിയിലായി ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ഫാക്ടറികൾ അടച്ചുപൂട്ടേണ്ടി വന്ന സ്വകാര്യ വ്യവസായികൾക്ക് വായ്പയിന്മേലുള്ള പലിശയിളവ് ഉൾപ്പെടെയുള്ള ധനകാര്യ സഹായങ്ങൾ ഉറപ്പ് വരുത്തുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) സംസ്കരണ ചെലവ് കുറയ്ക്കാൻ സഹായകരമായ നിലയിൽ തൊഴിലാളിസംഘടനകളുമായി ചർച്ചചെയ്ത് തൊഴിലവസരങ്ങൾ നഷ്ടമാകാത്ത തരത്തിൽ യന്ത്രവൽകൃത ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; കശുവണ്ടി ഫാക്ടറികൾക്കായി തോട്ടണ്ടി ലഭ്യത ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ഇലക്ട്രോണിക് വ്യവസായ ഹബ്ബ്

2462 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; ഇതിന്റെ ഭാഗമായി കെൽട്രോണിനെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## സംരംഭകവർഷം പദ്ധതിയിലൂടെ തൊഴിലവസരങ്ങൾ

2463 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വ്യവസായരംഗത്ത് ഏതെല്ലാം കാര്യങ്ങളിൽ സംസ്ഥാനത്തിന് മുന്നേറ്റമുണ്ടായിട്ടുണ്ടെന്നും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) വ്യവസായ വകുപ്പിന്റെ സംരംഭകവർഷം പദ്ധതിയിലൂടെ ഇതുവരെ എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും എത്രപേരുടെ നിക്ഷേപം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ?

## വിരുപ്പാക്ക വില്ലേജ് - സഹകരണ സ്പിന്നിങ്ങ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി

2464 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തന സ്ഥിതി, തുറന്നു പ്രവർത്തിക്കാനുള്ള സാധ്യത എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 1969 ലെ സംസ്ഥാന സഹകരണ നിയമം വകുപ്പ് 65 പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയതനുസരിച്ചു പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഡെപ്യൂട്ടി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ ?

## സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് നടപടി

2465 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കൂടുതൽ നിക്ഷേപം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേറ്റ്</u>

2466 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

## <u>കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ്</u>

2467 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന വ്യവസായ എസ്റ്റേറ്റിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) രണ്ടാംഘട്ട പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ സംരംഭകർക്ക് അനുവദിക്കുന്നതിന് എന്തെല്ലാം നടപടിയാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ</u>

2468 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

## <u>കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ</u>

2469 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ നാളിതുവരെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ എത്രയെണ്ണമുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ;

(ബി) ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ബയോകണക്ട് 2.0 കോൺക്ലേവ്

2470 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ദെലീമ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്നതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മേഖലയിലെ നൂതനാശയങ്ങൾ പൊതുസമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനും ഇതു സംബന്ധിച്ച ചർച്ചകളിലൂടെ നിക്ഷേപ സമാഹരണം ത്വരിതപ്പെടുത്തുന്നതിനുമായി ബയോകണക്ട് 2.0 കോൺക്ലേവിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലയിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളും 2032 ആകുമ്പോൾ ഈ മേഖലയിൽ എത്ര നിക്ഷേപം ഉണ്ടാകുമെന്നാണ് വിലയിരുത്തുന്നതെന്നുമുള്ള വിശദാംശം ലഭ്യമാകുമോ?

## റിസർവ് ബാങ്കിന്റെ ട്രേഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം നടപ്പാക്കൽ

2471 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പന്നങ്ങൾ കടമായി കൊടുക്കുമ്പോൾ പണം തിരികെ കിട്ടാനുള്ള താമസം കാരണം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സാമ്പത്തിക ഞെരുക്കം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി റിസർവ് ബാങ്ക് ട്രേഡ് റിസിവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം (ട്രേഡ്സ്) നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും എം.എസ്.എം.ഇ. കളും ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പാലക്കാട് വ്യവസായ ഇടനാഴി

2472 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് വ്യവസായ ഇടനാഴി പദ്ധതി (കിൻഫ്ര മുഖേന) എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി

2473 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയിൽ വ്യവസായ പാർക്ക് പദ്ധതിക്കായി കണ്ണമ്പ്രയിൽ ഭൂവുടമകളിൽ നിന്നും എത്ര ഏക്കർ ഭൂമിയാണ് നിലവിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

2474 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി എടക്കുന്നം വില്ലേജിലെ ബ്ലോക്ക് നമ്പർ 07, എരുമേലി നോർത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 026, എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 027 എന്നിവിടങ്ങളിലായി കിൻഫ്ര കണ്ടെത്തിയ 150 ഏക്കറോളം ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി ഏതു ഘട്ടത്തിലാണ്; നടപടി ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## കോളേജുകളിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി

2475 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വലിയവെളിച്ചത്ത് പ്രവർത്തിക്കുന്ന സ്ഥലസൗകര്യമുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐ.എച്ച്.ആർ.ഡി.) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) വ്യവസായ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും പ്രസ്തുത കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടി എന്താണ്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്ക്

2476 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്കിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>സമഗ്ര ലോജിസ്റ്റിക് പാർക്ക് നയം</u>**

2477 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിൽ ഈ സർക്കാർ ഒരു സമഗ്ര ലോജിസ്റ്റിക് പാർക്ക് നയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലോജിസ്റ്റിക് പാർക്ക് നയപരിപാടി പ്രായോഗികതലത്തിലെത്തുന്നതോടുകൂടി ഏതെല്ലാം തരത്തിലുള്ള നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഇതിന്റെ ഭാഗമായി ഒരു ലോജിസ്റ്റിക് ടൗൺഷിപ്പ് വികസിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**<u>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ</u>**

2478 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യമേഖലയിലെ കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വ്യക്തമാക്കുമോ;

(സി) ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കോളേജുകൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ മാനദണ്ഡം</u>**

2479 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുള്ള ക്യാമ്പസുകൾ കേന്ദ്രീകരിച്ച് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

**<u>തിരുവനന്തപുരം ജില്ലയിൽ സംരംഭക സഹായ പദ്ധതി</u>**

2480 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംരംഭക സഹായ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര പ്രോജക്ടുകൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങൾ</u>**

2481 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എവിടെയെല്ലാം സ്ഥലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളുടെ വിസ്തൃതി എത്രയാണെന്നും അവിടെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു എന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വകുപ്പിന് കീഴിൽ സ്ഥാപനങ്ങളൊന്നുമില്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>വ്യവസായ മേഖലയിലെ പുനരുജ്ജീവന പാക്കേജുകളോട് ബാങ്കുകളുടെ സമീപനം</u>**

2482 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പാക്കേജുകളോട് ബാങ്കുകൾ പൂർണ്ണമായും അനുകൂല നിലപാട് സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനം പ്രഖ്യാപിക്കുന്ന പുനരുജ്ജീവന പാക്കേജുകൾ പൂർണ്ണമായും ഫലപ്രദമാകുന്നതിന് ബാങ്കുകളുടെ സമീപനത്തിൽ മാറ്റമുണ്ടാകണം എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**<u>ഇ-കൊമേഴ്സ് പോർട്ടൽ</u>**

2483 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കൊമേഴ്സ് പോർട്ടലായ 'കെ-ഷോപ്പി' യിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ എത്ര ഉല്പന്നങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കേരള ബ്രാൻഡിംഗിലൂടെ ആഗോള വിപണി</u>**

2484 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് ആഗോള ഗുണനിലവാരം കൊണ്ടുവരാനും അതുവഴി വിപണനസാധ്യത വർധിപ്പിക്കുവാനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള ബ്രാൻഡിംഗിലൂടെ വിപണിയും ഗുണനിലവാരവും ഉറപ്പാക്കി ഉല്പാദകനെയും ഉപഭോക്താവിനെയും സഹായിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളെയും കേരള ബ്രാൻഡിംഗിലേക്ക് കൊണ്ടുവരുന്നതിനായി പ്രോട്ടോക്കോളുകൾ രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള ബ്രാൻഡിംഗിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) പരമ്പരാഗത വ്യവസായം, കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ എന്നീ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ മേഖലകളിൽ കേരള ബ്രാൻഡിംഗിലൂടെ പുതിയ ഉല്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## റോബോട്ടിക് സാങ്കേതിക വിദ്യയുടെ ഹബ്ബ്

2485 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോബോട്ടിക് സാങ്കേതികവിദ്യയുടെ ഹബ്ബായി സംസ്ഥാനത്തെ മാറ്റാൻ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടത്തിയ ജനറേറ്റീവ് എ.ഐ. അന്താരാഷ്ട്ര കോൺഫറൻസ് പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സംരംഭകരെ ഈ മേഖലയുമായി ബന്ധിപ്പിക്കാൻ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ വ്യവസായനയം ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ തുടങ്ങിയ രംഗങ്ങളിൽ റോബോട്ടിക് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ പര്യാപ്തമാണോ; വിശദമാക്കുമോ?

## വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം

2486 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ദുർബലമായിത്തീരുന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ

രൂപപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്ദേശ്യത്തോടെ രൂപപ്പെടുത്തിയ പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ?

**കാസർഗോഡ് ചെങ്കൽ വ്യവസായ മേഖല**

2487 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെങ്കൽ വ്യവസായ മേഖലയിൽ സ്തംഭനാവസ്ഥ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകളും ശ്രമങ്ങളും വിശദമാക്കാമോ;

(ബി) നിയമപരമായി ഖനനാനുമതി ലഭിച്ച എത്ര ചെങ്കൽ ക്വാറികൾ കാസർഗോഡ് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ക്വാറികളിൽ നിന്ന് ലഭ്യമാകുന്ന ചെങ്കല്ലുകൾ മാത്രം ജില്ലയിലെ ആവശ്യങ്ങൾക്ക് മതിയാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) നിയമപ്രകാരം ഖനനാനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഖനനാനുമതിക്കായി പുതുതായി എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ ലഭിച്ചിട്ടുണ്ടെന്നും ഈ അപേക്ഷകൾ തീർപ്പാകാതെ എത്രകാലമായി തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ചെങ്കൽ ക്വാറികൾക്ക് പെർമിറ്റ് അനുവദിക്കുന്നതിൽ നിയമങ്ങൾ കർശനമാക്കിയും വലിയ തുക പിഴ ചുമത്തിയും ക്വാറി ഉടമകളെയും തൊഴിലാളികളെയും ബുദ്ധിമുട്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെങ്കൽ മേഖലയിലെ വിശിഷ്യാ നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) പരിശോധനയ്ക്കിടെ പിടിക്കപ്പെട്ട വാഹനങ്ങൾ ഇപ്പോൾ എത്ര ദിവസത്തിനകമാണ് നടപടി പൂർത്തിയാക്കി വിട്ടു നൽകുന്നതെന്നും അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ ചെങ്കൽ ക്വാറികളായ ഭൂമിയുടെ അഭാവമുള്ളതിനാൽ മറ്റ് ആവശ്യങ്ങൾക്ക് പട്ടയം നൽകിയ ഭൂമിയിൽ ചെങ്കൽ ക്വാറികൾ നടത്താൻ അനുമതി നൽകുമോ യെന്ന് വ്യക്തമാക്കാമോ?

**സ്കിൽ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്ര സാമ്പത്തികസഹായം**

2488 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ മുഖേന സ്കിൽ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾക്കായി 2016 മുതൽ നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും കേരളത്തിന് ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും ഓരോ വർഷവും ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (കെ.എ.എസ്.ഇ.), കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി 2016 മുതൽ നാളിതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇതിനായി പ്രസ്തുത കാലയളവിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) പരിശീലനം പൂർത്തിയാക്കിയ എത്ര പേർ പ്രസ്തുത കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>വ്യവസായരംഗത്തെ വളർച്ച</u>

2489 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ രംഗത്ത് വലിയ വളർച്ചയുണ്ടെന്ന അവകാശവാദം നിലനിൽക്കുമ്പോഴും, 2022-23 കാലയളവിൽ രാജ്യത്തിന്റെ ജി.ഡി.പി.യിലേക്കുള്ള സംസ്ഥാന വിഹിതമായ 3.8 ശതമാനത്തിൽ നിന്നും മാറ്റമില്ലാത്ത വളർച്ചയാണ് 2023-24 കാലഘട്ടത്തിലും രേഖപ്പെടുത്തിയിരിക്കുന്നതെന്ന പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യവസായ രംഗത്ത് വലിയ വളർച്ച കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉല്പാദനം ഓരോ വർഷവും മെച്ചപ്പെട്ടുവരുമ്പോഴും അത് ദേശീയതലത്തിൽ പ്രതിഫലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സംരംഭക വർഷം പദ്ധതി</u>

2490 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ ഏതെങ്കിലും വ്യവസായ സംരംഭം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്നും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

## <u>കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾ</u>

2491 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശലമേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരകൗശല മേഖലയിൽ പുതുതായി എത്ര സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സമഗ്ര വാണിജ്യനയം

2492 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ-ചില്ലറ വ്യാപാര മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി സമഗ്ര വാണിജ്യനയം രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അതിവേഗം വളരുന്ന ആഗോള ഇ-കോമേഴ്സ് കമ്പനികൾ ചെറുകിട വ്യാപാര മേഖലയിൽ ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വാണിജ്യ-ചില്ലറ വ്യാപാര മേഖലയിലുണ്ടാകുന്ന പുരോഗതിക്ക് നിദാനമായി ചരക്കുനീക്കം സുഗമമാക്കുന്നതിനായി സംവിധാനങ്ങൾ ഒരുക്കുന്നതിന് നയരൂപീകരണം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## ക്വാറികളിൽ നിന്നുള്ള റോയൽറ്റി

2493 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം ക്വാറികളിൽ നിന്നുള്ള റോയൽറ്റി ഇനത്തിൽ എത്ര രൂപ സർക്കാരിന് പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## യുവ വീവ് പദ്ധതി

2494 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തറി വ്യവസായ സഹകരണസംഘങ്ങളുടെ ആധുനികീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കൈത്തറി മേഖലയിൽ മൂല്യവർധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുവാനുള്ള 'യുവ വീവ്' പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ഡി) കൈത്തറി മേഖലയിലെ റിവൈവൽ, റീഫോം & റീ-സ്ട്രക്ച്ചറിംഗ് പാക്കേജിനോടനുബന്ധിച്ച് ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

## ടെക്സ് ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്പിന്നിംഗ് മില്ലുകളുടെ നവീകരണം

2495 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ് ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനും ആധുനികീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്പിന്നിംഗ് മില്ലുകളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രമിക്കുമോ; വിശദമാക്കാമോ?

## നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കാനുള്ള നടപടി

2496 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര നെയ്ത്ത് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും റിബേറ്റിനത്തിൽ എത്ര തുകയാണ് കുടിശ്ശികയായി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(സി) റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

## എടരിക്കോട് ടെക്സ്റ്റൈൽസ് വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിന് നടപടി

2497 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ അടച്ചുപൂട്ടിയ എടരിക്കോട് ടെക്സ്റ്റൈൽസ് വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഈ സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## കുന്നത്തറ ടെക്സ്റ്റെയിൽസിനടുത്തുള്ള ഭൂമിയുടെയും മറ്റ് വസ്തുക്കളുടെയും ലേലം തടയാൻ നടപടി

2498 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്റ്റേറ്റ് ഹൈവേക്കടുത്തുള്ള ഭൂമിയും മറ്റ് വസ്തുക്കളും ലേലം ചെയ്ത് വിറ്റുപോകുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ഹാൻവീവ്-ഹാൻടെക്സ് പുനസംഘടന

2499 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻവീവ് - ഹാൻടെക്സ് എന്നിവ പുനസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കാൻ എന്തൊക്കെ പുതിയ സംരംഭങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ?

## കയർ തൊഴിലാളി ക്ഷേമം

2500 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ എത്ര തൊഴിലാളികൾ അംഗത്വം നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കയർ മേഖലയിൽ പുതുതലമുറ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

## കയറുല്പാദനം വർധിപ്പിക്കാൻ നടപടി

2501 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ആകുമ്പോഴേക്കും കയറുൽപാദനം 70,000 ടൺ ഉയർത്തുമെന്ന പ്രഖ്യാപനം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കയർ മേഖലയിലെ വികസനം

2502 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്നുണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കയർ മേഖലയിലെ പുതിയ ഡിസൈനുകളും ഉല്പന്നങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കയർ വ്യവസായത്തിന്റെ കരവിരുതിനും വൈവിധ്യത്തിനും ഊന്നൽ നൽകി കയർ കേരള ബ്രാൻഡ് ചെയ്യുന്നതിന് അമ്പലപ്പുഴയിലെ കയർ മ്യൂസിയങ്ങൾ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കയർ ഭൂവസ്ത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മേവെള്ളൂർ പമ്പിംഗ് സ്റ്റേഷനിലേക്ക് പുതിയ വൈദ്യുത ലൈൻ

2503 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ആവശ്യത്തിലേക്കുള്ള കുടിവെള്ളം പമ്പ് ചെയ്യുന്ന മേവെള്ളൂർ പമ്പിംഗ് സ്റ്റേഷനിലേക്ക് പുതിയ വൈദ്യുതിലൈൻ വലിക്കുന്നതിന് എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്; അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വൈദ്യുതിലൈൻ പിറവം സബ്സ്റ്റേഷനിൽ നിന്നും വലിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ വൈദ്യുത കണക്ഷൻ അനുവദിക്കുന്നതിന് നടപടി

2504 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് താമസിക്കുന്ന പത്ത് കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കണമെന്നാവശ്യപ്പെട്ട് ആലത്തൂർ എം.എൽ.എ. 24.06.2021-ന് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് വനം വകുപ്പ് ഉന്നയിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വനം വകുപ്പുമായി ചർച്ച ചെയ്ത് പ്രസ്തുത കുടുംബങ്ങൾക്ക് ഉടൻ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാരം

2505 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) 66, 110 കെ.വി. പ്രസരണ ലൈനുകൾ കടന്നുപോകുന്ന ഭാഗത്ത് വീടുകൾ വയ്ക്കുന്നതിനായി എൻ.ഒ.സി. ലഭിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ നിബന്ധനകൾ ഉൾപ്പെട്ട സർക്കുലർ വരുന്നതിനുമുമ്പുള്ള എൻ.ഒ.സി. അപേക്ഷകൾ തീർപ്പാക്കുവാൻ വൈകുന്നതുകാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

## വൈദ്യുതി തകരാർ മൂലം ചികിത്സാ സംവിധാനങ്ങൾ നിലച്ച സംഭവം

2506 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി തകരാർ മൂലം ചികിത്സാ സംവിധാനങ്ങൾ മണിക്കൂറുകളോളം നിലച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എസ്.എ.ടി ആശുപത്രിയിൽ വൈദ്യുതി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രികളിലും മറ്റും വൈദ്യുതി സേവനം നിലച്ച് അത്യാഹിതങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി. എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ആശുപത്രികളുമായി ബന്ധപ്പെട്ട വൈദ്യുതി സേവനങ്ങൾ നൽകാൻ പ്രത്യേക മാർഗരേഖ നടപ്പാക്കുമോ; വിശദാംശം നൽകുമോ?

## സോളാർ ഗ്രിഡ് ടൈ ഇൻവെർട്ടറുകൾക്കും, പാനലുകൾക്കും ബി.ഐ.എസ്. രജിസ്ട്രേഷൻ

2507 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും, സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന സോളാർ ഗ്രിഡ് ടൈ ഇൻവെർട്ടറുകൾക്കും പാനലുകൾക്കും ബി.ഐ.എസ്. രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉപഭോക്താക്കൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാകുന്ന, രജിസ്ട്രേഷൻ മുദ്ര പതിക്കാത്ത ഇൻവെർട്ടറുകൾ കൂടുതലായി ഉപയോഗിക്കുന്നത് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

## ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനും വിതരണ-പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും നടപടി

2508 **ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതിയുടെ വിതരണ-പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ വ്യക്തമാക്കാമോ; വിതരണ-പ്രസരണ നഷ്ടം ഏറ്റവും കുറഞ്ഞ തോതിൽ നിലനിർത്തുന്നതിൽ രാജ്യത്ത് ഒന്നാമതായി മാറാൻ സംസ്ഥാനത്തിന് എത്ര വർഷത്തിനുള്ളിൽ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>ദേശീയ എനർജി എഫിഷ്യൻസി പെർഫോമൻസ് അവാർഡ്</u>

2509 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ എനർജി എഫിഷ്യൻസി പെർഫോമൻസ് അവാർഡിൽ ദേശീയ ഊർജ്ജക്ഷമതാ സൂചികയുടെ അടിസ്ഥാനത്തിൽ കേരളം ഉയർന്ന സ്ഥാനം കൈവരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനടിസ്ഥാനമായി ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ;

(സി) വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലകളിൽ പ്രളയ പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുതി കുടിശിക ഈടാക്കാൻ നടപടി</u>

2510 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷവും വൈദ്യുതി കുടിശികയിനത്തിൽ വൻ തുക അടയ്ക്കാനുള്ള സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതൊക്കെയാണെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>സ്മാർട്ട് മീറ്ററുകൾക്കുള്ള ടെൻഡർ</u>

2511 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1.37 കോടിയോളം ഉപഭോക്തൃമീറ്ററുകൾ എ.എം.ഐ.യുടെ കീഴിൽ കൊണ്ടുവരാനുള്ളപ്പോൾ മൊത്തം ആവശ്യകതയുടെ ഏകദേശം 2% മാത്രമായ 3 ലക്ഷം മീറ്ററുകൾക്ക് മാത്രം ടെൻഡർ ക്ഷണിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) എ.എം.ഐ. പൂർണ്ണതോതിൽ നടപ്പാക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ സാങ്കേതിക മികവിൽ കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ പിറകിൽ ആകുമെന്നതിനാൽ സാമ്പത്തിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോ; വിശദമാക്കുമോ?

## വൈദ്യുതി ഉപഭോക്താക്കളുടെ അവകാശങ്ങൾ

2512 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള അവകാശങ്ങൾ എന്തെല്ലാമാണെന്നും ഇവ പൊതുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ പരിഹാരം ലഭിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കാമോ;

(സി) ഈ സർക്കാർ വന്നശേഷം വൈദ്യുതി മേഖലയിൽ നടപ്പാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്ന നടപടി

2513 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമമംഗലം ഗ്രാമപഞ്ചായത്തിലെ മെതിപാറ നമ്പർ 2 ലിഫ്റ്റ് ഇറിഗേഷനിലെ വൈദ്യുതി വിച്ഛേദിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഭീമമായ കുടിശിക കാരണമാണോ വൈദ്യുതി വിച്ഛേദിച്ചിരിക്കുന്നത് : എങ്കിൽ ഇത്രയും കുടിശ്ശിക ആകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇല്ലായ്മയാണ് ഇത്തരത്തിലുള്ള പ്രതിസന്ധിക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധികൾ മറികടക്കുന്നതിനായി വകുപ്പുതലത്തിൽ ഏകോപനം നടത്തി പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുത നവീകരണ പ്രവൃത്തികൾ

2514 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ ഈ വർഷം നടപ്പിലാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ?

## കെ.എസ്.ഇ.ബി ക്യാഷ്യർ തസ്തികയിലെ ഒഴിവുകൾ

2515 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ ക്യാഷ്യർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അടിവാരം സബ്സ്റ്റേഷൻ

2516 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിവാരം സബ്സ്റ്റേഷൻ പദ്ധതിയുടെ സ്ഥലമെടുപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## സ്മാർട്ട് മീറ്റർ

2517 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടക്സ് രീതിയിൽ എ.എം.ഐ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു;

(ബി) മേൽ പറഞ്ഞ ശിപാർശകൾ ഉണ്ടായിരുന്നിട്ടും സർക്കാർ ടോട്ടക്സ് മോഡൽ ഉപേക്ഷിച്ച കാപ്പെക്സ് മോഡൽ പദ്ധതിയിലേയ്ക്ക് മാറാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി. പുനഃസംഘടന

2518 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പുനഃസംഘടനാ പ്രവർത്തനങ്ങളുടെ (ചർച്ചകൾക്ക്) തുടർ നടപടികൾ ഏത് വരെയായെന്നും അത് എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## കെ.എസ്.ഇ.ബി.യിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒഴിവുകൾ

2519 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ വൈദ്യുതി വാങ്ങൽ ഉൾപ്പെടെയുള്ള പ്രധാന തീരുമാനങ്ങൾ എടുക്കേണ്ട ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) യഥാസമയം സ്ഥാനക്കയറ്റം നൽകാത്തതുമൂലമാണോ പ്രസ്തുത ഒഴിവുകൾ സംജാതമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വൈദ്യുതിക്ഷാമവും വിലവർദ്ധനയും

2520 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരക്ക് വർദ്ധനവ് എന്ന ഒറ്റമൂലിക്ക് പകരം വരവും ചെലവും തമ്മിലുള്ള അന്തരം പരിഹരിക്കാൻ മറ്റു മാർഗ്ഗങ്ങൾ തേടുന്നതിൽ വൈദ്യുതി ബോർഡ് പരാജയപ്പെടുന്നു എന്ന് റെഗുലേറ്ററി കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായോ;

(ബി) വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവിനേക്കാൾ അധികമാണോ നിലവിൽ സംസ്ഥാനത്ത് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ചെലവ്;

(സി) സംസ്ഥാനത്തെ വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം മറ്റു സംസ്ഥാനങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ അധികമാണോ; എങ്കിൽ ബോർഡിൽ എത്ര അധിക ജീവനക്കാർ ഉണ്ടെന്നാണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് ആവശ്യമുള്ള വൈദ്യുതിയുടെ മൂന്നിൽ ഒന്നിൽ താഴെയാണോ സംസ്ഥാനത്തെ നിലവിലെ ഉൽപാദനം; വ്യക്തമാക്കുമോ ; വൈദ്യുതോപഭോഗം കൂടുതലുള്ള സമയത്ത് പുറത്തുനിന്നും വലിയ വില കൊടുത്ത് വൈദ്യുതി വാങ്ങുന്നതിന് പകരം വൈദ്യുതോൽപാദനം കഴിയാവുന്നത്ര കൂട്ടുന്നതാണ് വൈദ്യുതിക്ഷാമവും വില വർദ്ധനവും പരിഹരിക്കുന്നതിന് സഹായകമാകുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; താരതമ്യേന ചെലവ് കുറഞ്ഞ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) പുരപ്പുറ സൗരോർജ്ജ പദ്ധതിയും കാറ്റാടി വൈദ്യുത പദ്ധതികളും കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

## കെ .എസ് .ഇ .ബി ജീവനക്കാരന് ചികിത്സാ ധനസഹായം

2521 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ ട്രെയിൻ തീവയ്പ്പ് സംഭവത്തിൽ ഗുരുതരമായി പൊള്ളലേറ്റ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ജ്യോതീന്ദ്രനാഥിന് ചികിത്സാ

ധനസഹായം നൽകുന്നതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ടിയാന് പ്രസ്തുത ചികിത്സയ്ക്കായി ചെലവാക്കേണ്ടിവന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്ത് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈദ്യുതി നിരക്കിലെ വർദ്ധനവ്

2522 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ നടത്തിയ തെളിവെടുപ്പിൽ പൊതുജനങ്ങളിൽ നിന്ന് ഉയർന്നു വന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമാണ്; ഇതിൽ ഏതൊക്കെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വൈദ്യുതി ചാർജ് മുടക്കം വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് മുമ്പ് ബോർഡ് പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഒരു വൈദ്യുതി ബിൽ മുടക്കം വന്നാൽ ഉടൻതന്നെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടികളിലേക്ക് പോകുന്ന സാഹചര്യത്തിൽ ശരാശരി വൈദ്യുതി ബില്ലിന്റെ മൂന്നിരട്ടി ഡെപ്പോസിറ്റായി വാങ്ങുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) 2025-നു മുമ്പ് സ്മാർട്ട് മീറ്റർ നടപ്പാക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; കേന്ദ്രസർക്കാരിന്റെ നിർദ്ദേശം സംസ്ഥാനം അംഗീകരിക്കുകയുണ്ടായോ;

(ഇ) സ്മാർട്ട് മീറ്റർ നടപ്പാക്കുന്നതോടെ മീറ്റർ റീഡർമാർ ആവശ്യമില്ലാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ ഈ ജീവനക്കാരെ എപ്രകാരം പുനർവിന്യസിക്കാൻ കഴിയുമെന്നാണ് ബോർഡ് കരുതുന്നത്;

(എഫ്) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നത്; ഇത് നടപ്പാക്കുന്നതിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് ഉപഭോക്താക്കൾക്കുണ്ടാകുക വിശദമാക്കാമോ?

## കെ.എസ്.ഇ.ബി. അസിസ്റ്റന്റ് ഗ്രേഡ്

2523 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 സെപ്റ്റംബർ മുതൽ 2025 ഡിസംബർ 31 വരെ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് ഗ്രേഡ്- 2- ൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ ?

## കെ.എസ്.ഇ.ബി. പ്രതിമാസ ബില്ലിംഗ്

2524 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ പ്രതിമാസ ബില്ലിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയുടെ വിശദാംശവും ഗുണങ്ങളും വ്യക്തമാക്കുമോ?

## സോളാർ മിച്ച വൈദ്യുതിക്ക് പണം

2525 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ മിച്ച വൈദ്യുതിക്ക് പണം നൽകാതെ വീണ്ടും ബില്ലടയ്ക്കാൻ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(ബി) സോളാർ ഉത്പാദകർ ആവശ്യമുള്ളതിനേക്കാൾ കൂടുതലായി വൈദ്യുതി ഉല്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നതിന് യൂണിറ്റിന് 2 രൂപ 69 പൈസ നിരക്കിൽ ബോർഡ് നൽകുന്നതിന് പകരം അടുത്ത ബില്ല് വീണ്ടും അടക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ :;

(സി) സോളാർ ഉത്പാദകർക്ക് പണം കിട്ടാൻ ഓരോ തവണയും അപേക്ഷിക്കേണ്ടി വരുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലെ ബില്ലിംഗ് സമ്പ്രദായം മാറ്റാനാണ് കെ.എസ്.ഇ.ബി.യുടെ ശ്രമമെന്ന് ഉപഭോക്താക്കൾ ആരോപിക്കുന്നത് പരിശോധിക്കുമോ; സോളാർ ഉപഭോക്താക്കൾ ഉല്പാദിപ്പിച്ച വൈദ്യുതി എത്ര; ഓരോ മാസവും ഉപയോഗിച്ചത് എത്ര; മിച്ചം എത്ര; അതിനുള്ള വില എത്ര; എന്നിങ്ങനെ വേർതിരിച്ച് മലയാളത്തിൽ ബില്ല് നൽകണമെന്ന ആവശ്യം പരിഗണിക്കുമോ?

## സ്മാർട്ട് മീറ്റർ പദ്ധതി

2526 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാപിറ്റൽ എക്സ്പെൻഡിച്ചർ (കാപ്പെക്സ്) മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## പള്ളിവാസൽ, തോട്ടിയാർ ജലവൈദ്യുത പദ്ധതികൾ

2527 **ശ്രീ. എം. എം. മണി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കാറായിട്ടുണ്ടോ; പ്രസ്തുത വിപുലീകരണ പദ്ധതിയുടെ മെക്കാനിക്കൽ സ്പിന്നിംഗ് വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പള്ളിവാസൽ വിപുലീകരണ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഈ പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തോട്ടിയാർ പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സ്മാർട്ട് മീറ്റർ പദ്ധതി

2528 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടത്തിപ്പിൽ ടോട്ടക്സ് മോഡലിൽ പദ്ധതി നടപ്പിലാക്കാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക ശരാശരി എത്ര രൂപയാണെന്നും ടോട്ടക്സ് മോഡലിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള ടെണ്ടർ വഴി ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് ശരാശരി ഒരു സ്മാർട്ട് മീറ്ററിന് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ക്യാപ്പക്സ് മോഡലിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വിളിച്ച ടെണ്ടർ തുകയുടെ അടങ്കൽ പ്രകാരം എസ്റ്റിമേറ്റ് തുക ഒരു സ്മാർട്ട് മീറ്ററിന് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ക്യാപ്പക്സ് മോഡൽ എസ്റ്റിമേറ്റ് തുക ടോട്ടക്സ് മോഡലിന്റേതിനേക്കാൾ ഉയർന്നതാകാനുള്ള കാരണം വിശദീകരിക്കുമോ?

## നിർമ്മാണത്തിലുള്ള ജലവൈദ്യുത പദ്ധതികൾ

2529 **ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ വിപുലീകരണ വൈദ്യുത പദ്ധതിയും തോട്ടിയാർ പദ്ധതിയും എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും അറിയിക്കുമോ;

(ബി) പണി പൂർത്തിയാക്കാനുള്ള ഇടത്തരം ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

## പുനലൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

2530 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ വിവിധ പദ്ധതികളിലായി പുനലൂർ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, എന്നാൽ 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാഞ്ഞതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെയും അവയിൽ ഇപ്പോഴും നിർവ്വഹണത്തിലുള്ള പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശവും ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പദ്ധതി നിർവഹണ ഏജൻസി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും നടപ്പിലുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിയ്ക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ</u>

2531 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലായി എത്ര ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ടെന്ന് സ്ഥലത്തിന്റെ പേര് സഹിതം അറിയിക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിയ്ക്കുന്ന സാഹചര്യത്തിലും നിലവിലെ ചാർജിംഗ് സ്റ്റേഷനുകൾ മതിയാകാത്ത അവസ്ഥയിലും കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തീക്കുനി, പുറമേരി, വട്ടോളി എന്നീ ടൗണുകളിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## <u>അങ്കൺജ്യോതി പദ്ധതി</u>

2532 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളിലാണ് അങ്കൺജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി മണ്ഡലത്തിലെ എല്ലാ അംഗൻവാടികളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വൈദ്യുതി വിതരണത്തിലെ പ്രശ്നങ്ങൾ</u>

2533 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷിയിലും അധികമായുള്ള വൈദ്യുതി ഉപയോഗംമൂലം കഴിഞ്ഞ വേനൽക്കാലത്ത് വൈദ്യുതിവിതരണ സംവിധാനം തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ഉപഭോഗം കൂടിവരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നത് അടിയന്തരമായി പരിഗണിക്കുമോ;

(സി) വീട്ടുകളിലെയും സ്ഥാപനങ്ങളിലെയും കണക്ടഡ് ലോഡിന് ആനുപാതികമല്ലാതെ വൈദ്യുതി ബിൽ ലഭ്യമാകുന്ന ഉപഭോക്താക്കളുടെ കണക്ടഡ് ലോഡ് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; കണക്ഷൻ നല്കിയ സമയത്തേക്കാൾ കണക്ടഡ് ലോഡ് വർദ്ധനയുണ്ടായിട്ടുണ്ടെങ്കിൽ അത് സ്വമേധയാ റിപ്പോർട്ട് ചെയ്യാൻ ഉപഭോക്താക്കൾക്ക് അവസരം നല്കുമോ;

(ഡി) ശരാശരി വൈദ്യുതി ബിൽ ഒരു പരിധിയിൽ കൂടി നില്ക്കുകയും യഥാർത്ഥ കണക്ടഡ് ലോഡ് പ്രകാരം ത്രീഫേസ് കണക്ഷൻ എടുക്കേണ്ടവർ സിംഗിൾഫേസ് കണക്ഷനിൽ തന്നെ തുടരുന്നതും കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

2534 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ബോർഡ് ഗാർഹിക വൈദ്യുതി നിരക്ക് എത്ര തവണ വർദ്ധിപ്പിച്ചു; വർദ്ധിപ്പിച്ച തീയതിയും, നിരക്കും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) യൂണിറ്റിന്റെ വിലയ്ക്കുപുറമേ മറ്റെന്തൊക്കെ ചാർജ്ജുകളാണ് ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി. ഈടാക്കുന്നത്; വ്യക്തമാക്കാമോ;

(സി) വൈദ്യുതി ബോർഡ് ചാർജ്ജ് വർദ്ധന ആവശ്യം ഉന്നയിച്ചുകൊണ്ട് ഏറ്റവും ഒടുവിൽ റഗുലേറ്ററി കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## <u>കാർഷിക മേഖലയിൽ സോളാർ പദ്ധതി</u>

2535 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ സോളാർ പ്ലാന്റുകൾ</u>

2536 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## <u>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ</u>

2537 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സബ്സിഡി പദ്ധതികളിലൂടെ സംസ്ഥാനത്താകെ എത്ര ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ മുഖേന നടപ്പ് സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് ലഭിച്ചിട്ടുണ്ട്; സെക്ഷൻ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താവും കെ.എസ്.ഇ.ബി.യും തമ്മിലുള്ള ധാരണാപത്രത്തിലെ നിബന്ധനകൾ എന്തെല്ലാമാണെന്നും പ്രസ്തുത നിബന്ധനകൾ പ്രകാരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ നൽകുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ ഉപഭോക്താവിന് നൽകുന്നതിന്റെ നടപടിക്രമം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ വൈദ്യുത ചാർജ് വർദ്ധിപ്പിച്ചു; വിശദമാക്കാമോ;

(ഇ) ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ മുഖേന കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിൽ ഗ്രിഡിലേക്ക് ഉപഭോക്താക്കൾ നൽകുന്ന വൈദ്യുതിക്ക് യൂണിറ്റിന് വകയിരുത്തിയ തുക മടക്കി നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>പുരപ്പുറ സോളാർ പദ്ധതി</u>

2538 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി ആലപ്പുഴ മണ്ഡലത്തിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>പുരപ്പുറ സോളാർ പദ്ധതിയുടെ പ്രോത്സാഹനം</u>

2539 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച അധിക വൈദ്യുതിക്ക് ഉപഭോക്താവിന് പണം തിരികെ നൽകുന്നത് നിലവിൽ ഏത് മാസമാണ്; ആദ്യഘട്ടത്തിൽ അത് ഏത് മാസത്തിലായിരുന്നു നൽകിയിരുന്നത്; ഇപ്രകാരം തുക തിരികെ നൽകുന്ന മാസത്തിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; ഉപഭോക്താവിന് ഇതിലൂടെ വരുമാനത്തിൽ കുറവോ അധികബാധ്യതയോ ഉണ്ടായിട്ടുണ്ടോ; ഇതിലൂടെ കെ.എസ്.ഇ.ബി.ക്ക് ഉണ്ടായ ലാഭം എത്രയാണ്; വിശദമാക്കാമോ;

(ബി) ഒരു ഉപഭോക്താവ് സോളാർ പ്ലാന്റ് മുഖേന ഉല്പാദിപ്പിക്കുന്ന വൈദ്യുതി, ബോർഡിന്റെ വൈദ്യുതി എന്നിവയുടെ ഉപഭോഗം തമ്മിലുള്ള വ്യത്യാസം കണക്കിലാക്കി സോളാർ വൈദ്യുതിക്ക് വില നിശ്ചയിക്കുന്നതിൽ ആദ്യ ഘട്ടത്തിലെയും നിലവിൽ പ്രാവർത്തികമാക്കിയിരിക്കുന്നതുമായ മാനദണ്ഡങ്ങൾ തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ;

(സി) തുക തിരിച്ചുനൽകുന്ന മാസം മാറ്റം വരുത്തിയതിലൂടെ പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ ആളുകൾ പങ്കാളികളാകാതെ മാറിനിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പകൽ ഉൽപാദിപ്പിക്കുന്ന സോളാർ വൈദ്യുതി കേന്ദ്രീകൃത ഹബ്ബിൽ ശേഖരിച്ചുവയ്ക്കുന്നതിനും രാത്രിയിൽ അത് ഉപയോഗിക്കുന്നതിനുമുള്ള കേന്ദ്രസർക്കാർ പദ്ധതി സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; അത് നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; അറിയിക്കാമോ?

## <u>സോളാർ പ്ലാന്റ്</u>

2540 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പ്ലാന്റ് അപേക്ഷ ഫീസ് തിരികെ കൊടുക്കാനുള്ളത് പ്രോസുമേഴ്സിന്റെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് പകരം സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്ത് 10 ദിവസത്തിനുള്ളിൽ അവരുടെ അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രോസുമേഴ്സിന് സോളാർ എനർജി സെറ്റിൽമെന്റ് തുക നൽകുന്നതിനു കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; കെ.എസ്.ഇ.ആർ.സി ഇറക്കിയ റെഗുലേഷൻ പ്രകാരം ഈ തുക സെറ്റിൽമെന്റ് തീയതി മുതൽ ഒരു മാസത്തിനകം കൊടുത്തു തീർക്കണമെന്നും അതുകഴിഞ്ഞാൽ നിയമ പ്രകാരമുള്ള ബാങ്ക് പലിശ നല്കണമെന്നുമുള്ള വ്യവസ്ഥ നിലവിൽ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ;

(സി) സോളാർ ജനറേഷൻ ഡ്യൂട്ടി 1.4.2024 മുതൽ പിൻവലിച്ചതായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 2024 സെപ്റ്റംബർ മുതൽക്കാണ് കെ.എസ്.ഇ.ബി.എൽ ഡ്യൂട്ടി പിരിക്കുന്നത് നിർത്തലാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ വൈദ്യുതി ബില്ലിൽ ഈടാക്കിയ ജനറേഷൻ ഡ്യൂട്ടി തിരികെ നൽകുവാനും ആ തുക 2024 ഒക്ടോബർ മാസം മുതലുള്ള വൈദ്യുതി ബില്ലിൽ കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## <u>വൈദ്യുതി മോഷണ കേസുകൾ</u>

2541 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണങ്ങൾ കണ്ടെത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനം എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസുകളുടെ ക്വാട്ട തികയ്ക്കുന്നതിന് വേണ്ടി ആന്റി പവർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി നിലനിൽക്കുന്ന കേസുകൾ കോടതിക്ക് പുറത്ത് തീർപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

**<u>തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂർ സബ്‌സ്റ്റേഷൻ</u>**

2542 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂർ സബ്‌സ്റ്റേഷൻ എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാവും; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

**<u>സബ് സ്റ്റേഷൻ നിർമ്മാണം</u>**

2543 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ബ്രഹ്മമംഗലം, ഉദയനാപുരം എന്നിവിടങ്ങളിലെ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**<u>കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലെ ഒഴിവുകൾ</u>**

2544 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിലെ എത്ര ഒഴിവുകളാണ് കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളുടെ ഡയറക്ട്, ഇൻ സർവീസ് റിക്രൂട്ട്മെന്റ് ക്വാട്ടകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ എത്ര പേർ നിലവിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ ഫീഡർ തസ്തികകളിലുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇൻ സർവീസ് റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പേരാണ് പ്രസ്തുത തസ്തികയുടെ താഴെയുള്ള തസ്തികകളിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ഇ) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിൽ കെ.എസ്.ഇ.ബി. യിൽ നിന്ന് ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകൾ വീതം ഏതൊക്കെ തീയതികളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി</u>

2545 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ എഞ്ചിനീയർമാരുടെയും വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) റീ സ്ട്രക്ചറിങ് കാരണം ഈ ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

## <u>മല്ലപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം</u>

2546 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണ ചുമതല വൈദ്യുതി ബോർഡ് ഏറ്റടുത്തശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

## <u>സ്വാപ്പ് സംവിധാനത്തിലെ ആസൂത്രണമില്ലായ്മ</u>

2547 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമുള്ളപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി സ്വീകരിക്കുകയും അവർക്ക് ആവശ്യമുള്ളപ്പോൾ മടക്കി നൽകുകയും ചെയ്യുന്ന സ്വാപ്പ് സംവിധാനത്തിൽ ഫലപ്രദമായ ആസൂത്രണം നടക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഡാമുകളിൽ അധികമായി സംഭരിക്കുന്ന ജലം വൈദ്യുത ഉല്പാദനത്തിൽ പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്വാപ്പ് പദ്ധതിയിലൂടെ സ്വീകരിക്കുന്ന വൈദ്യുതി കൃത്യസമയത്ത് മടക്കി നൽകാൻ കഴിയുന്നുണ്ടോ; ഇപ്രകാരം നൽകാതിരിക്കുന്നതിന് പിഴ നൽകേണ്ടി വന്നിട്ടുണ്ടോ: വിശദമാക്കുമോ?

## കെ.എസ്.ഇ.ബി. യുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടികൾ

2548 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഗ്രീൻ ഹൈഡ്രജൻ ഉൽപാദനം

2549 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൈഡ്രജൻ ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ട് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വാണിജ്യാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## സഹകരണ വകുപ്പിലെ ഒഴിവുകൾ

2550 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നത് മൂലമുണ്ടാവുന്ന ഒഴിവുകൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ജൂനിയർ കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ കഴിഞ്ഞ തവണത്തെ

(2013) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ജൂനിയർ കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

## സഹകരണ പെൻഷൻ ബോർഡ്

2551 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള ബാങ്കിൽനിന്നും ട്രഷറിയിലേക്ക് മാറ്റാൻ ആലോചിക്കുകയുണ്ടായോ; ഇപ്രകാരം നിക്ഷേപം മാറ്റുമ്പോൾ കേരള ബാങ്കിനും പെൻഷൻ ബോർഡിനും എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്;

(ബി) അഡ്മിനിസ്ട്രേഷൻ ചാർജിനത്തിൽ കേരള ബാങ്കിൽ നിന്നും പെൻഷൻ ബോർഡിലേക്ക് നിലവിൽ എത്ര കോടി രൂപയാണ് അടയ്ക്കാനുള്ളത്; ഈ തുക എന്നത്തേക്ക് അടയ്ക്കാനാകുമെന്നാണ് കരുതുന്നത്; സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണസമിതിയിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും, പ്രതിപക്ഷ ട്രേഡ് യൂണിയനുകളിലെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യാനിടയായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ;

(സി) സഹകരണ പെൻഷൻ ബോർഡ് ഓഫീസിൽ കമ്പ്യൂട്ടർവൽക്കരണം ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്; ഇതോടെ പെൻഷൻ ബോർഡ് ഓഫീസിലെ മുഴുവൻ ഫയൽ ജോലികളും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; കമ്പ്യൂട്ടർവൽക്കരണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദവിവരം നൽകുമോ?

## സഹകരണ ബാങ്കുകളിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ

2552 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

2553 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ഡി) ഓഡിറ്റിംഗിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**<u>ജൂനിയർ ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തിക, മറ്റ് ഉയർന്ന തസ്തികകളിലെ ഒഴിവുകൾ</u>**

2554 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ജൂനിയർ ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഒഴിവുകൾ ഉണ്ടെങ്കിൽ നിലവിലെ റാങ്ക് ലിസിറ്റിൽ നിന്ന് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) സഹകരണ വകുപ്പിൽ ആറു മാസത്തിൽ അധികരിച്ച പ്രസവാവധി ഒഴികെയുള്ള അവധിയിൽ പ്രവേശിച്ച എത്ര പേരുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആറു മാസത്തിൽ അധികരിച്ച് ഡെപ്യൂട്ടേഷനിൽ പോയവർ എത്ര പേർ ഉണ്ടെന്ന് വിശദമാക്കുമോ;

(ഇ) മേൽപ്പറഞ്ഞവയിൽ എത്ര ഒഴിവുകളുണ്ടെന്ന് പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) ടീം ഓഡിറ്റുമായി ബന്ധപ്പെട്ട എത്ര ഒഴിവുകളാണ് നിലവിൽ ടീമുകളിൽ ഉള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>യുവ സഹകരണ സംഘങ്ങൾ</u>**

2555 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ, സേവന മേഖലകളിലേക്കുകൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയെന്ന ലക്ഷ്യത്തോടെ യുവ സഹകരണ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) യുവ സഹകരണ സംഘങ്ങളുടെ മാതൃകയിൽ യുവതികൾക്കായി യുവ വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ആതുരസേവനമേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സംഭാവന</u>**

2556 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ-ആതുരസേവന മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സംഭാവന വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ ചെലവ് കുറഞ്ഞ ആരോഗ്യ സംവിധാനങ്ങൾ പൊതുമേഖലയിലെന്നപോലെ സഹകരണ മേഖലയിലും സ്ഥാപിക്കുന്നതിനു സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സഹകരണ രംഗത്തുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

**<u>സഹകരണ വകുപ്പിലെ ഒഴിവുകൾ</u>**

2557 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ജൂനിയർ ഇൻസ്പെക്ടർ /ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽനിന്നും ആറുമാസത്തിൽ അധികരിച്ച കാലയളവിലേക്ക് പ്രസവാവധി ഒഴികെയുള്ള അവധിയിലും അന്യത്രസേവനത്തിലും പ്രവേശിച്ചവരുടെ വിശദാംശം ലഭ്യമാക്കുമോ; മേൽപ്പറഞ്ഞവയിൽ എത്രയെണ്ണം ഒഴിവുകളായി പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ടീം ഓഡിറ്റുമായി ബന്ധപ്പെട്ട എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ; ഓൺലൈൻ ട്രാൻസ്ഫർ കാരണം ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുമോ;

(ഇ) സഹകരണ വകുപ്പിലെ ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് 2013ൽ നിലവിൽവന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം

നടന്നിരുന്നുവെന്നും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ?

## സഹകരണ വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി

2558 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പുതിയതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകളിൽ ആഡിറ്റ് വിഭാഗം ആഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) അർബൻ ബാങ്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന കൺകറന്റ് ആഡിറ്റർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ഡി) സഹകരണ വകുപ്പിൽ ജീവനക്കാരുടെ പ്രമോഷനുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി

2559 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## റിസ്ക് ഫണ്ട്

2560 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് പൂർത്തിയാകുന്നതിനുള്ളിൽ മരണം സംഭവിക്കുകയോ ഗുരുതരമായ അസുഖം ബാധിക്കുകയോ ചെയ്യുന്നതിനെ തുടർന്ന് വായ്പ കുടിശ്ശികയാകുന്നവർക്ക് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മണലൂർ മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിൽ റിസ്ക് ഫണ്ട് അനുവദിച്ചവ എത്രയെണ്ണമെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്; വിശദാംശങ്ങൾ നൽകാമോ?

## കേരള ബാങ്കിലെ സ്വർണ്ണ വായ്പയുടെ സബ്സിഡി

2561 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ നിന്നും സ്വർണ്ണത്തിന്റെ ഈടിന്മേൽ കൃഷി ആവശ്യങ്ങൾക്കായി സബ്സിഡിയോടെ നിലവിൽ വായ്പകൾ നൽകുന്നുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള സ്കീമുകളുടെയും സബ്സിഡി നിരക്കുകളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിലവിൽ സബ്സിഡി വിതരണം മുടങ്ങിയ സാഹചര്യമുണ്ടോ; എന്നു വരെയുള്ള വായ്പകൾക്ക് സബ്സിഡി നൽകിയെന്നും ഇനി എന്നു മുതലുള്ളവയ്ക്ക് നൽകാനുണ്ടെന്നും ഇതിനായി വേണ്ടി വരുന്ന ആകെ തുകയെത്രയെന്നും അറിയിക്കുമോ; സബ്സിഡി നൽകുന്നതിൽ ഇത്രയും കാലതാമസം നേരിടുന്നതിലെ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) മുടങ്ങിക്കിടക്കുന്ന സബ്സിഡി വിതരണം ചെയ്യുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ; ഇവ അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള ബാങ്ക്

2562 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസന പ്രക്രിയയിൽ കേരള ബാങ്കിന്റെ പങ്ക് കൂടുതൽ വിപുലമാക്കുന്നതിന് പ്രാഥമിക സംഘങ്ങളും തദ്ദേശസ്ഥാപനങ്ങളുമായിചേർന്ന് പ്രവർത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട നടപടി

2563 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട നടപടി ഹൈക്കോടതി സ്റ്റേ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭരണസമിതിയെ പിരിച്ചുവിടുന്നതിനു മുമ്പായി നോട്ടീസ് നൽകിയിട്ടുണ്ടോ; ബാങ്ക് ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിലെ ഉരുൾപൊട്ടലിൽ കൃഷിയും ഭൂമിയും നഷ്ടപ്പെട്ട 42 പേർക്ക് 1.07 കോടി രൂപയുടെ വായ്പ എഴുതിത്തള്ളാനുള്ള നിർദ്ദേശം അംഗീകരിച്ച ഭരണസമിതിയെ നോട്ടീസ് പോലും നൽകാതെ പിരിച്ചുവിട്ടതിലൂടെ

ദുരിതബാധിതർക്ക് ആശ്വാസമാകേണ്ട പ്രസ്തുത നടപടി പ്രതിസന്ധിയിലാക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) നാലുവർഷംകൂടി കാലാവധിയുള്ള ഭരണസമിതിയെ പിരിച്ചുവിട്ടതുപോലെയുള്ള ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾ സഹകരണ മേഖലയിൽ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണം

2564 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനായി നിയോഗിച്ച രാജേന്ദ്രൻ നായർ കമ്മിറ്റി ശിപാർശകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; പെൻഷൻകാരുടെ സംഘടനകളുമായി ചർച്ച ചെയ്ത ശേഷം ശിപാർശകൾ എത്രയും വേഗം നടപ്പാക്കുമോ;

(ബി) കേരള ബാങ്കിന്റെ ലാഭത്തിന്റെ 10% പെൻഷൻ ഫണ്ടിലേക്ക് വകയിരുത്തുവാനും പെൻഷൻകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ;

(സി) പെൻഷൻ ബോർഡിന് ലഭിക്കാനുള്ള തുക എത്രയാണെന്നും അത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദാംശം നൽകുമോ;

(ഡി) പെൻഷൻ ബോർഡിന്റെ ഓഡിറ്റ് റിപ്പോർട്ട് ഏതു വർഷം വരെ പ്രസിദ്ധീകരിച്ചുവെന്നും ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞാലുടൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## സഹകരണ ബാങ്കുകൾ വഴി നൽകുന്ന വാഹന വായ്പ, ഗൃഹോപകരണ വായ്പ

2565 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി നൽകുന്ന വാഹന വായ്പ, ഗൃഹോപകരണ വായ്പ എന്നിവ ആൾ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി എത്ര രൂപവരെയാണ് അനുവദിക്കാവുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വായ്പകളുടെ തുക അപര്യാപ്തമായതിനാൽ ഇടപാടുകാർ മറ്റ് ബാങ്കുകളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വായ്പകളുടെ പരിധി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## സഹകരണബാങ്കുകളിലെ കുടിശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

2566 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിലെ കുടിശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചിത തീയതിക്കുള്ളിൽ കുടിശിക തീർക്കണമെന്ന്

നിഷ്കർഷിക്കാറുണ്ടോ;

(ബി) കുടിശികയായ ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും അവസരം ഉണ്ടാക്കാമോ?

## പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ

2567 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയിൽ പങ്കാളിയാകാതെ സംസ്ഥാനത്ത് പ്രത്യേക പദ്ധതി നടപ്പാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) സോഫ്റ്റ്‌വെയർ നിർമ്മാണത്തിന്റെ ചെലവ് പൂർണമായും കേന്ദ്രസർക്കാർ വഹിക്കുന്ന പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറി പ്രത്യേക സോഫ്റ്റ്‌വെയർ നിർമ്മിക്കുവാൻ തീരുമാനിച്ചതിലൂടെ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്ക് എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ പല സഹകരണ സംഘങ്ങളും സ്വന്തമായി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ അതുമാറ്റാതെ തന്നെ കേന്ദ്ര പദ്ധതിയുടെ ഭാഗമാകാം എന്നിരിക്കെ വലിയ തുക ചെലവഴിച്ചുകൊണ്ട് പുതിയ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുമോ; വിശദമാക്കുമോ?

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

2568 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## നേമം സഹകരണ സംഘം

2569 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നേമം സഹകരണ സംഘത്തിൽ ( T-3150) നടന്ന അഴിമതിയും അതിനെ തുടർന്ന് നിക്ഷേപകർക്ക് നിക്ഷേപിച്ച തുക തിരികെ കിട്ടാൻ കഴിയാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ ഏതെല്ലാം തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതേ സഹകരണ സംഘത്തിൽ ജാമ്യം നൽകിയിരുന്ന എഫ് ഡി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തന്നെ കെ .എസ് .എഫ് ഇ തിരുവനന്തപുരം അർബൺ റീജണിലെ വിവിധ ശാഖകളിൽ നിന്നും അനധികൃതമായി ചിട്ടിയും ലോണും കൈക്കലാക്കിയതിനെ സംബന്ധിച്ച് അറിവുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സഹകരണ സംഘത്തിന്റെ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം

2570 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട സഹകരണ വകുപ്പ് മുഖേനയുള്ള അന്വേഷണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

2571 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## കടാശ്വാസ കമ്മീഷന്റെ തുക സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്നത്

2572 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷൻ അനുവദിച്ച തുക സഹകരണ സംഘങ്ങൾക്ക് നൽകാത്തത് മൂലം സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 700 കോടിയോളം രൂപ കടാശ്വാസ കമ്മീഷൻ അനുവദിച്ച നൽകിയിട്ടും സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ തുക കൈമാറാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സഹകരണ സംഘങ്ങൾക്ക് തുക സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സാഗർ മാല പദ്ധതി

2573 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ആലപ്പുഴയിൽ തുറമുഖം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം</u>**

2574 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനും ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കുന്നതിനും സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങളുടെ നാല് ഘട്ടങ്ങളിലായി പൂർത്തീകരിക്കുവാനുദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

**<u>മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ</u>**

2575 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ പരിപാലനത്തിനും തുറമുഖത്തെത്തുന്ന യാനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മാരിടൈം ബോർഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ ഇന്നർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിംഗ് സൗകര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഔട്ടർ ആങ്കറേജിലുള്ള ക്രൂ ചെയിഞ്ചിംഗ് സൗകര്യം പുനരാംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി സംസ്ഥാനം നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിശദീകരിക്കുമോ;

(ഡി) ഔട്ടർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിംഗ് സൗകര്യം പുനരാരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത്; ഇമിഗ്രേഷൻ ബ്യൂറോയുടെ തീരുമാനത്തിന് പിന്നിൽ നിയമപരമായ എന്തെങ്കിലും കാരണങ്ങൾ ഉള്ളതായി അറിയിച്ചിരുന്നോ; വിശദമാക്കുമോ?

**<u>വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനുള്ള സാധ്യതകൾ</u>**

2576 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച് വ്യവസായങ്ങൾക്കും അനുബന്ധ വികസനത്തിനുമുള്ള സാധ്യതകൾ കണ്ടെത്തുന്നതിനായി കൺസൾട്ടൻസിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏത് ഏജൻസിയെയാണ് കൺസൾട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കൺസൾട്ടൻസി പഠനവിധേയമാക്കുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കൺസൾട്ടൻസി നടത്തുന്ന പഠനത്തിന് എന്തു തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ ;

(സി) വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗം ഉറപ്പാക്കുന്നതിനും സുസ്ഥിരവികസന മാതൃകകൾ പിന്തുടരുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

## തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

2577 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്നവിധം സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തുറുഖ വകുപ്പിന്റെ കീഴിലുള്ള കരിങ്കൽ ക്വാറി

2578 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ കരിങ്കൽ ക്വാറിക്കായി (പാറമട) ഉപയോഗിക്കുന്ന സ്ഥലം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര സ്ഥലമാണ് വകുപ്പിന്റെ കീഴിൽ ഉള്ളത് എന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഇവിടെ കരിങ്കൽ ഖനനം നടത്തുന്നുണ്ടോ;

(സി) ഈ ക്വാറി ലീസിന് എടുക്കുന്നതിനോ, ഇവിടെനിന്ന് കരിങ്കൽ ഖനനം നടത്തുന്നതിനോ അനുമതി നൽകണം എന്ന് ആവശ്യപ്പെട്ടിട്ട് ആരെങ്കിലും

വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## യാത്രാകപ്പൽ സർവ്വീസ്

2579 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് നിന്ന് യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## റോപ്പ്‌വേ നിർമ്മാണം

2580 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ഹിൽടോപ്പിൽ നിന്നും ശബരിമല വരെ 2.7 കിലോമീറ്റർ റോപ്പ്‌വേ നിർമ്മാണം ഇക്കൊല്ലത്തെ മണ്ഡലകാലത്തിന് മുമ്പായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) റോപ്പ്‌വേ നിർമ്മിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) റോപ്‌വേയുടെ നിർമ്മാണം പൂർത്തിയായാൽ ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് മുൻഗണന കൊടുത്ത് കൊണ്ടുള്ള പ്രവർത്തനത്തിന് പ്രധാന്യം നൽകുമോ;

(ഡി) നിലവിലെ ചരക്ക് നീക്കത്തിന് റോപ്‌വേയുടെ നിർമ്മാണത്തോടെ ഗുണകരമായ മാറ്റം ഉണ്ടാകുമോ; ഉണ്ടെങ്കിൽ എങ്ങനെയായിരിക്കുമെന്ന് വിശദമാക്കാമോ;

(ഇ) ഇതിന് വേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി

2581 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ

2582 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡ് 2022-23, 2023-24 വർഷങ്ങളിലായി ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

## തൃക്കാരിയൂർ മഹാദേവക്ഷേത്ര നവീകരണം

2583 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാരിയൂർ മഹാദേവക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## സമഗ്ര നിയമം

2584 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് സമഗ്ര നിയമം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കാലാവധി

2585 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡ് ഭരണസമിതികളുടെ നിലവിലെ കാലാവധി അറിയിക്കാമോ;

(ബി) ദേവസ്വം ബോർഡുകളുടെ കാലാവധി കുറയുന്നത് വികസനപ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആവിഷ്കരണത്തിലും തടസമാകുന്നത് കണക്കിലെടുത്ത് ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കാമോ?

## ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർമാരായി വിരമിച്ചവരുടെ ആനുകൂല്യങ്ങൾ

2586 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർമാരായി വിരമിച്ചവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

## ദേവസ്വം ബോർഡ് ഹൈസ്കൂൾ കെട്ടിടത്തിലെ താത്കാലിക അഗ്നിരക്ഷാ നിലയത്തിന് തുടർ പ്രവർത്തനാനുമതി

2587 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എരുമേലിയിലെ അഗ്നിരക്ഷാ നിലയം പ്രവർത്തനം ആരംഭിക്കും വരെ ശബരിമല തീർത്ഥാടനകാലയളവിൽ എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂൾ കെട്ടിടത്തിൽ

താൽക്കാലികമായി പ്രവർത്തിക്കുന്ന അഗ്നിരക്ഷാ നിലയം തുടർന്ന് പ്രവർത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെ അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**ദേവസ്വം വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

2588 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ അധീനതയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള സ്കൂളുകൾ ഏതെങ്കിലും വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവ് കൊണ്ട് നിർത്താലാക്കിയിട്ടുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(സി) അടഞ്ഞു കിടക്കുന്ന വിദ്യാഭ്യാസ സ്ഥപനങ്ങൾ ഉണ്ടെങ്കിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കേളേജുകൾ/ പോളിടെക്നിക്കുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ദേവസ്വം ഭൂമി തിരികെ ലഭ്യമാക്കുന്നതിന് നടപടി**

2589 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ഭൂമി, കയ്യേറ്റങ്ങളിലൂടെ അന്യാധീനപ്പെട്ട് പോകുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി കയ്യേറ്റം ഒഴിവാക്കി അതത് ദേവസ്വങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
09-10-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].